Bringing You Closer to God
LANDWAY

# ലാൻഡ്‌വേ ന്യൂസ്

www.landwaynews.com • Email: landwaynews@gmail.com

SCAN TO READ ONLINE

10 ഏപ്രിൽ 2017

Volume No.3 • Issue No. 4 • Pages 8 • Price: INR 10/- • Published From Pathanamthitta

## തിരുവട്ടാർ നിത്യതയിൽ



പെരുവംമുഴി: പ്രശസ്ത സുവിശേഷകനും വാഗ്മിയും എഴുത്തുകാരനും ചരിത്രകാരനുമായ തിരുവട്ടാർ ആർ. കൃഷ്ണൻകുട്ടി (80) നിത്യതയിൽ പ്രവേശിച്ചു. വാർധക്യ സഹചമായ ക്ഷീണത്താൽ വിശ്രമത്തിലായിരുന്ന അദ്ദേഹത്തിന്റെ അന്ത്യം മാർച്ച് 29 ന് രാവിലെ ഭവനത്തിൽ വച്ചായിരുന്നു. വേദപണ്ഡിതനും വിശ്വാസത്തിന്റെ കാവൽ ഭടനുമായിരുന്ന അദ്ദേഹത്തിന്റെ വിയോഗം ക്രൈസ്തവ സമൂഹത്തിന് തീരാനഷ്ടമാണ്. 50 ഓളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള അദ്ദേഹത്തിന്റെ അരനൂറ്റാണ്ടു കാലത്തെ വിശ്വാസ ജീവിതം ക്രൈസ്തവ കൈരളിയ്ക്ക് ഒരു തിളങ്ങുന്ന അദ്ധ്യായമായിരുന്നു. ധർമ്മദീപ്തി മാസികയുടെ പത്രാധിപരായി പ്രവർത്തിച്ചുവന്നിരുന്നു. ഭാര്യ: എൽസി.

## മുന്നറിയിപ്പുമായി സൈബർസെല്ലും ബി.എസ്.എൻ.എല്ലും

തൃശൂർ: വിദേശരാജ്യങ്ങളിൽ നിന്നുള്ള അജ്ഞാത ഫോൺ വിളികളെ കരുതുക. ഉറക്കംകളയുന്ന ഈ വിളികൾ നിങ്ങളുടെ പണവും നഷ്ടപ്പെടുത്തും. മൊബൈൽഫോണുകളിലേക്ക് ഇത്തരത്തിലുള്ള വിളികൾ പെരുകുകയാണ്. ഒരേ ഫോണിലേക്ക് പല നമ്പരിൽനിന്ന് ഒന്നിലധികം തവണ വിളിവന്നു. ഇത്തരം വിളികളോട് പ്രതികരിക്കരുതെന്നാണ് സൈബർ പോലീസിന്റെയും ബി.എസ്.എൻ.എല്ലിന്റെയും മുന്നറിയിപ്പ്. ഫോണെടുത്താലും ബെല്ലടിച്ചാൽപോലും ചിലവിളികൾ പണം നഷ്ടമാകുന്നുണ്ട്. പ്രീപെയ്ഡ് കണക്ഷൻ ഉള്ളവർക്കാണ് പണം പോയിട്ടുള്ളത്. ഫോണിലെ രഹസ്യവിവരങ്ങൾ ചോർന്നേക്കാമെന്നതാണ് മറ്റൊരു ഭീഷണി. റെക്കോർഡ് ചെയ്തെന്ന് തിരിച്ചറിയാത്ത വിധത്തിൽ പലഭാഷകളിലുള്ള സ്ത്രീശബ്ദത്തിലുള്ള വിളിയാണ് പലരെയും വീഴ്ത്തുന്നത്. ആണും പെണ്ണും തമ്മിൽ മലയാലത്തിലുള്ള അശ്ലീലസംഭാഷണവും അടുത്തിടെ പലരും കേട്ടു. ഒക്കെ കേട്ടുകഴിയുമ്പോഴാണ് മൊബൈലിലുള്ള പണം പോയതറിയുന്നത്. സ്ത്രീശബ്ദം ആൾക്കാരെ വീഴ്ത്താനുള്ള തന്ത്രമാണ്. ഇതറിയാതെ മിസ്ഡ്കോൾ കണ്ട് തിരിച്ചുവിളിച്ച് പണം കളയുന്നവരുമുണ്ട്.

+447, +381, +255, 447, +381, +255 എന്നിങ്ങനെ തുടങ്ങുന്നതോ സമാനമായതോ ആയ പത്തോ പന്ത്രണ്ടോ അക്കങ്ങളുള്ള നമ്പറുകളിൽനിന്നാണ് കഴിഞ്ഞ ദിവസം വിളികൾ വന്നത്. ഇതിൽ +447 ആരംഭിക്കുന്നതിൽ നിന്നായിരുന്നു രാത്രിയുണ്ടായ കൂടുതൽ കോളുകളും. വോയ്സ് ഓവർ ഇന്റർനെറ്റ് കോൾ അഥവാ വോയ്പ് (വി.ഒ.ഐ.പി.കോൾ) സംവിധാനത്തിലൂടെയുള്ളവയാണിത്. വോയ്പ് വഴി സ്ഥാപനങ്ങളെയോ ഉത്പന്നങ്ങളെയോ പരിചയപ്പെടുത്താൻ വിദേശ ഏജൻസികൾ ടെലിഫോൺ സേവനദാതാക്കളുമായി കരാർ ഉണ്ടാക്കാറുണ്ട്.

വോയ്പിന്റെ ദുരുപയോഗം വ്യാപകമായിട്ടുണ്ടെന്ന് സൈബർ സെൽ പറയുന്നു. തീവ്രവാദപ്രവർത്തനത്തിനു വരെ ഉപയോഗിക്കുന്നു എന്നാണ് ഭയക്കുന്നത്. പ്രത്യേക ഐ.പി ആയതിനാൽ വിളിയുടെ ഉറവിടം കണ്ടെത്തുക എളുപ്പമല്ല. ആൻഡ്രോയിഡ് ഫോണുകളിൽ തെളിയുന്ന രാജ്യങ്ങളിൽ ചിലത് യു.കെ, സെർബിയ, ടാൻസാനിയ എന്നിവിടങ്ങളുടേതാണ്.

## ഗോസ്പൽ മ്യൂസിക് ഫെസ്റ്റ്



രാജു ആനിക്കാട്



എബി. കെ. ജോർജ്ജ്



റവ. ഒ. എം. രാജുക്കുട്ടി

മേത്താനം: പ്രെയർ ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ആറാമത് ഗോസ്പൽ മ്യൂസിക് ഫെസ്റ്റും വചനപ്രഘോഷണവും ഏപ്രിൽ 2, 3, 4 തീയതികളിൽ ദിവസങ്ങളിൽ മേത്താനം ഗിൽഗാൽ ഗ്രൗണ്ടിൽ നടക്കും. വൈസ് പ്രസിഡന്റ് റവ. സുകു. കെ തോമസ് അധ്യക്ഷത വഹിക്കുന്ന യോഗം റവ. തോംസൺ തകടിയേൽ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ രാജു ആനിക്കാട്, എബി. കെ. ജോർജ്ജ്, റവ. ഒ. എം. രാജുക്കുട്ടി എന്നിവർ ദൈവവചനം ശുശ്രൂഷിക്കും. എം. ജി. യൂണിവേഴ്സിറ്റി എം എസ്സി ഫിസിക്സ് പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ കുമാരി സുബി മാത്യുവിനെ ചടങ്ങിൽ ആദരിക്കും. കോട്ടയം പിഫാൻ വോയ്സ് ഗാനങ്ങളാലപിക്കും. സജി മേത്താനം, ജോൺ മാത്യു തുടങ്ങിയവരുടെ നേതൃത്വത്തിൽ വിപുലമായ കമ്മിറ്റി പ്രവർത്തിച്ചുവരുന്നു.

## സാഹിത്യ രചനകൾ ക്ഷണിക്കുന്നു

ന്യൂയോർക്ക്: കേരള പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം ഓഫ് നോർത്ത് അമേരിക്ക രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി, പുതിയ എഴുത്തുകാരുടെ സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നോർത്ത് അമേരിക്കയിലുള്ള എല്ലാ മലയാളി പെന്തക്കോസ്ത് പ്രാദേശിക സഭകളിലെയും രചയിതാക്കളിൽ നിന്നും കവിത, ഉപന്യാസം, കഥാരചന, ലേഖനങ്ങൾ, കാർട്ടൂൺ ചിത്രങ്ങൾ തുടങ്ങി സത്യവേദപുസ്തകത്തെ അടിസ്ഥാനമാക്കിയുള്ള വിഷയങ്ങളെ ആസ്പദമാക്കി ക്രൈസ്തവ സാഹിത്യ രചനകൾ ക്ഷണിക്കുന്നു.

പ്രായഭേദമെന്യേ ആർക്കും മത്സരത്തിൽ പങ്കെടുക്കാം. രജിസ്ട്രേഷൻ ആവശ്യമില്ല. ഇംഗ്ലീഷ്, മലയാളം ഭാഷകൾ ഇഷ്ടാനുസരണം തെരഞ്ഞെടുക്കാവുന്നതാണ്. വിവിധ പ്രായ ഗ്രൂപ്പുകളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളിൽ വിജയിക്കുന്നവർക്ക് കെപിഡബ്ല്യൂഎഫ് രജത ജൂബിലി സമ്മേളനത്തിൽ വെച്ച് അവാർഡും സർട്ടിഫിക്കറ്റും നൽകി ആദരിക്കും.

പങ്കെടുക്കുന്നവരുടെ എണ്ണം അനുസരിച്ച് പ്രാഥമിക റൗണ്ടുകൾ പൂർത്തീകരിച്ചതിന് ശേഷം ഫൈനൽ മത്സരം നടത്തും. വിജയികളാകുന്നവരുടെ സാഹിത്യ സൃഷ്ടികൾ പ്രമുഖ ക്രൈസ്തവ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കും. രചനകൾ മെയ് 10 നു മുമ്പായി താഴെ കാണുന്ന വിലാസത്തിൽ സഭാ ശുശ്രൂഷകന്റെ പേരും ഫോൺ നമ്പരും സഹിതം അയച്ചുതരേണ്ടതാണ്.
Email: usakpwf@gmail.com

## ബൈക്ക് ഇടിച്ച് പാസ്റ്റർ മരിച്ചു



കിടങ്ങൂർ: നിയന്ത്രണം വിട്ട ബൈക്ക് വൈദ്യുതി തൂണിലിടിച്ച് അടിമാലി വാളറ കല്ലുവിള ജോണിന്റെ മകൻ പാസ്റ്റർ ഷാജി (44) മരിച്ചു. കിടങ്ങൂർ-മണർകാട് റോഡിൽ പോളയ്ക്കപ്പടിയിലാണ് അപകടം. മച്ചിപ്ലാവ് പതിനാലാം മൈൽ ഐപിസി സഭ പാസ്റ്ററാണ് ഷാജി.

ചെങ്ങന്നൂരിലുള്ള ബന്ധുവീട്ടിൽ നിന്ന് അടിമാലിയിലേക്കു പോകുമ്പോൾ ആണ് അപകടം. എതിർദിശയിൽ നിന്നു ടോറസ് ലോറി അമിതവേഗത്തിലെത്തിയപ്പോൾ ബൈക്ക് വെട്ടിച്ചുമാറ്റുന്നതിനിടെ വൈദ്യുതി തൂണിൽ ഇടിക്കുകയായിരുന്നെന്നു കരുതുന്നതായി നാട്ടുകാർ പറഞ്ഞു. ശബ്ദം കേട്ട് അയൽവാസികൾ എത്തിയപ്പോൾ രക്തത്തിൽ കുളിച്ചു വഴിയരികിൽ കിടക്കുകയായിരുന്നു. ഉടൻ കിടങ്ങൂരിലെ സ്വകാര്യ ആശുപത്രിയിലെത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. ഭാര്യ വാളറ കുന്നാരത്ത് ബെറ്റ്സി. മക്കൾ സ്റ്റെഫിൻ, സാം, ഫേബ.

## ട്രെയിൻ ടിക്കറ്റ് ബുക്ക് ചെയ്യാൻ ആധാർ

ഡൽഹി: ഇനി ഓൺലൈൻവഴിയും ട്രെയിൻവേ കൗണ്ടറുകൾ വഴിയും ട്രെയിൻ യാത്രയ്ക്ക് ടിക്കറ്റ് ബുക്ക് ചെയ്യുമ്പോൾ നിർബന്ധമായും ആധാർ കാർഡ് നമ്പർ ആവശ്യമായി വരും. ട്രെയിൻ യാത്രയിൽ അപകടങ്ങൾ ഉണ്ടാകുമ്പോഴും സുരക്ഷയ്ക്കു വേണ്ടിയും ഇത് ആവശ്യമായി വരുമെന്ന് മാധ്യമത്തിൽ അറിയിച്ചിട്ടുണ്ട്. പ്രൈവറ്റ് ഏജൻസികൾ മൊത്തമായി ടിക്കറ്റ് എടുത്ത് കൂടുതൽ വിലയ്ക്ക് മറിച്ചു വിൽക്കുന്നതും ഇതുവഴി തടയാനാകുമെന്നും അധികാരികൾ പറയപ്പെടുന്നു. പെട്ടെന്നുള്ള യാത്രചെയ്യുന്ന പലർക്കും ടിക്കറ്റ് ലഭിക്കാതെ ഭാരപ്പെടുന്ന അവസ്ഥകൾ അധികാരികളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് അതിന് ഇതൊരു തടയാകാൻ കഴിയുമെന്നും പറയപ്പെടുന്നു.

## നിര്യാതനായി



പന്തളം: ഐപിസി ഇടുക്കി നോർത്ത് സെന്റർ ശുശ്രൂഷകൻ തുമ്പമൺ നോർത്ത് പനയ്ക്കൽ പ്രെയ്സി വില്ലയിൽ പാസ്റ്റർ പി. ജെ സാമുവൽകുട്ടി (62) നിര്യാതനായി. ഭാര്യ: മാമ്മൂട് പുതുപറമ്പിൽ ജോളി. മകൾ: പ്രെയ്സി. മരുമകൻ: ജാക്സൺദാസ്

## പാസ്റ്റർ ബെൻസൺ മത്തായി മുഖ്യ പ്രസംഗകൻ

കുവൈറ്റ്: പെന്തക്കോസ്ത് സഭകളുടെ ഐക്യവേദിയായ യു.പി.എഫ്.കെ. യുടെ 2017-ലെ കൺവൻഷനിൽ പാസ്റ്റർ ബെൻസൺ മത്തായി, ഓവർസിയർ ചർച്ച് ഓഫ് ഗോഡ് മുംബൈ റീജിയൻ പ്രസംഗിക്കും. ഒക്ടോബർ 18,19,20 ദിനങ്ങളിലാണു കൺവൻഷൻ നടക്കുന്നത്.

2 തിരുത്തേണ്ട സമയത്ത് തിരുത്തൽ ആവശ്യം — സന്തോഷ് പന്തളം
2 യൗവ്വനക്കാർ സുവിശേഷത്തിന് വില കൊടുക്കണം — ഷെറിൻ ഷേർളി സന്തോഷ്
3 വസ്ത്രം നിമിത്തം കർത്താവ് നമ്മെ സന്ദർശിക്കും! — പി. വി. സന്തോഷ്
4 CHRISTIAN FAITH IN THIS CHANGING WORLD — Pastor Stanley Joseph
7 വിലപ്പെട്ടത് വിലക്കപ്പെടുമ്പോൾ! — ജെയിംസ് കോശി ജോർജ്ജ്

**LANDWAY NEWS**

**EDITORIAL BOARD**

*CHIEF EDITOR:*
Santhosh Pandalam
*EDITOR:*
Sherly Santhosh
*ASSOCIATE EDITOR:*
Shiju John Samuel
*SUB EDITOR:*
Joy Varghese Elanthoor
*ADVISORY BOARD:*
Godwin Y. D. • Shibu Paippad
Mohan George • Biju Abraham
Finny Joseph • J. P. Vennikulam
Jacob Kottarakkara • Finny Kanjangod

*REPORTERS:*

UNITED KINGDOM
Sam Jiji Mangalathu
UNITED STATES OF AMERICA
Avinash Thankachan
AUSTRALIA
Aaron George Mathew
KINGDOM OF SAUDI ARABIA
JUBAIL
Shibu Paippad
RIYADH
Daniel Eppachan
UNITED ARAB EMIRATES
UAE Coordinator & Reporter
Duglas Joseph
AJMAN
Anil Babu
SHARJAH
Das P. Vilakudy
DUBAI
Siby George
RAS AL KHAIMAH
Biji Philip
UMM AL QUWAIN
Abraham Thomas
QATAR
Biju Iverkala
BAHRAIN
Bose B Varghese
BULGARIA
Ronald Regie
KERALA
Shibu George
KARNATAKA
Paul C. Joseph
DELHI
C. John
MUSCUT
Sam George, Kottarakkara

ETHIOPIA
Tariku Alemu

**Address:**

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India
Phone: +91-9447440441,
Email: landwaynews@gmail.com,
www.facebook.com/landwaynewspaper
www.landwaynews.com

**Yearly Subscription**
INDIA: Rs. 120
USA: Dollars - 50
UK: Pounds - 25
Gulf: Rs. 2000

Disclaimer:
The views expressed in the articles are those of the writers. The magazine will not bear any responsibility for them. Some of the images used in this news paper have been downloaded from websites.We acknowledge that the copyright of those images remain with the original owners, and The Landway News does not intend to use those for commercial purposes and does not claim any rights for them.

## വരിസംഖ്യ?

**ലാൻഡ്‌വേ ന്യൂസ് പേപ്പറിന്റെ വരിസംഖ്യയും സംഭാവനകളും താഴെക്കാണുന്ന വിലാസത്തിൽ ഏതിലെങ്കിലും അയയ്ക്കുക!**

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India

*Bank Details*
LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55

**EDITORIAL DESK**



സന്തോഷ് പന്തളം

"നമ്മിലുള്ള സ്വർഗ്ഗീയ ഫലങ്ങളെ വഴിയരികിൽ പതിയിരുന്ന് നശിപ്പിക്കുന്ന ചെറുകുറുക്കന്മാരെ നാം മുൻകൂട്ടികാണുക പ്രാർത്ഥനയാൽ നാം മുന്നേറുക."

# തിരുത്തേണ്ട സമയത്ത് തിരുത്തൽ ആവശ്യം

അറിഞ്ഞും അറിയാതെയും മിക്ക മനുഷ്യരും തെറ്റുകളിലേക്ക് തെന്നി വീഴാറുണ്ട്. ആകുലചിന്തകളാൽ ഭാരപ്പെടുന്ന മനുഷ്യർ നന്മയ്ക്ക്‌വേണ്ടി തെരഞ്ഞെടുക്കുന്ന പലതും അവസാനം തെറ്റിലേക്ക് ചെന്നു പതിക്കുന്നു. എങ്കിലും തെറ്റുകളിൽ നിന്നും പിൻതിരിയുവാൻ എല്ലാ മനുഷ്യർക്കും ദൈവം അവസരം നൽകുന്നുവെന്നതാണ് മറ്റൊരു പ്രത്യേകത. പലർക്കും അവസരം കിട്ടിയിട്ടും അതിനെ മുതൽക്കൂട്ടാകാതെ പോകുന്ന മനുഷ്യരും ഇല്ലാതില്ല.

നമ്മുടെ പരസ്യജീവിതത്തെക്കാൾ അധികം രഹസ്യജീവിതത്തെയാണ് നാം സൂക്ഷിക്കേണ്ടത്. പരസ്യമായി പലരും പലതും ചെയ്യുവാൻ മടികാണിച്ചേക്കാം എങ്കിലും രഹസ്യത്തിൽ ചെയ്യുന്ന പ്രവർത്തികൾ ആരും കാണുന്നില്ലെങ്കിലും അതിനകത്ത് വലിയ അപകടം പതിയിരുപ്പുണ്ട് എന്ന് നാം മറന്നുപോകരുത്. മനുഷ്യർ നാല് ഭിത്തിക്കുള്ളിൽ ചെയ്യുന്ന ഏത് കാര്യവും മനുഷ്യർ കാണുന്നില്ലായിരിക്കാം പക്ഷേ അഗ്നിജ്വാല പോലുള്ള കണ്ണുള്ളവർ അത് വ്യക്തമായി കാണുന്നു എന്ന് നാം മറന്നുപോകരുതേ.

ഈ ലോകത്തിൽ നാം കേവലം തീർത്ഥാടനത്തിന് വന്ന ഒരു പരദേശിയാണ് എന്ന് ഓർക്കുക. ഈ ലോകം നമ്മുടെ സ്ഥിരപാർപ്പിടമോ സ്ഥിര ഇടമോ അല്ലെന്ന് തന്നെയാണ് ദൈവവചനം നമ്മെ പഠിപ്പിക്കുന്നത്. നമ്മുടെ നഗ്നമായ കണ്ണുകൊണ്ട് കാണാൻ കഴിയാത്ത നല്ല നഗരമാണ് നിത്യത എന്നത് നാം എപ്പോഴും ഓർക്കണം.

ഈ ലോകത്തിലെ മുള്ളുകളും കല്ലുകളും നമ്മുടെ കാലുകളിൽ തട്ടുവാൻ സാധ്യതയേറെയാണ്. ചിലപ്പോൾ നമ്മിൽ ഓരോരുത്തരിലും പതിച്ചിട്ടുമുണ്ടാകാം. എന്നാൽ ആ വിഷമുള്ളുകളെ വ്യക്തമായി കണ്ട് അതിനോട് യാത്രപറയുന്നതായിരിക്കണം യഥാർത്ഥമായ മനുഷ്യജീവിതം. ഈ മുള്ളുകൾ ശരീരത്തിൽ തറച്ചാൽ അതിനെ വ്യക്തമായി കണ്ടു മനസ്സിലാക്കി മുറിവേറ്റ ഭാഗത്ത് നിന്നും സൂഷ്മതയോടെ മാറ്റിയില്ലെങ്കിൽ അത് പഴുത്ത് ഭയങ്കരവ്യണമാകാൻ സാധ്യതയുണ്ട്. ഈ വൃണം മറ്റുള്ളവരെ പ്രയാസപ്പെടുത്തും വണ്ണം നാറ്റം വമിക്കാൻ ഇടയുണ്ട് എന്നുള്ളത് നാം മറന്നുപോകരുതേ!

വൃണം ഒരുവനിലായിരിക്കാം പക്ഷേ നാറ്റം അനുഭവിക്കുന്നത് ഒരു കൂട്ടം ജനങ്ങൾക്കായിരിക്കും. ആകയാൽ ജീവിതത്തിൽ വന്നു പോയ തെറ്റുകളെ കണ്ടുണർന്ന് തിരുത്തലുകൾ നടത്തി വിജയകരമായ ഒരു നല്ല ജീവിതത്തിന് സാക്ഷികളായിത്തീരുക.

ചികിത്സിക്കേണ്ട രോഗത്തെ അതാത് സമയത്ത് ചികിത്സിക്കുന്നതുപോലെ തിരുത്തലുകളെയും അതാത് സമയത്ത് തിരുത്തുവാൻ നാം ശ്രമിക്കുക. അല്ലായെങ്കിൽ ചിലതിനെ മരുന്നുകൊണ്ട് വിടുവിക്കാൻ കഴിയാത്ത ആ ഭാഗം എന്നന്നേക്കുമായി മുറിച്ച് കളയാൻ സാധ്യത ഏറെയായിരിക്കും. ഇങ്ങനെയൊന്നും സംഭവിക്കാതെയിരിക്കണമെങ്കിൽ നമ്മിൽ നമുക്കൊരു തിരിഞ്ഞുനോട്ടം വളരെ അത്യാവശ്യമാണ് എന്ന് ഓർക്കുക. ലക്ഷ്യബോധമില്ലാതെ അലഞ്ഞുതിരിഞ്ഞു നടക്കുന്നവരല്ല നാം മറിച്ച് സ്വർഗ്ഗീയ വിളിക്ക് ഓഹരി ക്കാരും സ്വർഗ്ഗത്തിലെ പൗരത്വത്തിന് അവകാശികളുമാണ് എന്നത് മറക്കരുതേ. നമ്മിലുള്ള സ്വർഗ്ഗീയ ഫലങ്ങളെ വഴിയരികിൽ പതിയിരുന്ന് നശിപ്പിക്കുന്ന ചെറുകുറുക്കന്മാരെ നാം മുൻകൂട്ടികാണുക പ്രാർത്ഥനയാൽ നാം മുന്നേറുക.

ഈ ലോകത്തിലെ പാപകറകൾ നമ്മുടെ ജീവിതത്തിൽ സംഭവിക്കാതെ നിത്യതയിൽ എത്തിച്ചേരാ നുള്ള അവസരത്തിനായി കാത്തിരിക്കണം. തെറ്റിൽ നിന്നും മടങ്ങിവന്ന് ദൈവത്തോട് ക്ഷമപറയുവാനും അടുക്കുവാനും അനവധി അവസരങ്ങൾ ദൈവം നൽകിയിട്ടുണ്ട്. നമ്മളെക്കാൾ യോഗ്യരും കഴിവുള്ളവരും ബുദ്ധിശാലികളും തകർന്നടിഞ്ഞ ഭൂമിയിലാണ് ഞാനും നിങ്ങളും ജീവിക്കുന്നതെന്ന് മറക്കാതിരിക്കട്ടെ. ഇങ്ങനെ ചിന്തിച്ച് ദൈവകരങ്ങളിൽ നമ്മെ ഏൽപ്പിച്ചാൽ കുറച്ചു കൂടെ ഇവിടെ ജീവിക്കാൻ അവസരം ദൈവം തരുമായിരിക്കുമെന്നുള്ളതാണ് എന്റെ ചിന്ത.

ചിന്തിക്കുക, വാഹനം ഓടിക്കുന്ന ഡ്രൈവറുടെ കൈയിലുള്ള സ്റ്റീയറിംഗ് റോഡിലെ വളവുള്ളയിടത്ത് തിരിക്കാൻ വേണ്ടിയുള്ളതാണ്. സ്റ്റീയറിംഗ് തിരിക്കേണ്ട സമയത്ത് തിരിച്ചില്ലെങ്കിൽ വണ്ടിയിലുള്ള മുഴുവൻ യാത്രക്കാർക്കും ആപത്താണ് എന്ന് പറയാതെ തന്നെ അറിയാവുന്നതാണല്ലോ. ജീവിതമെന്ന സ്റ്റീയറിംഗിനെ പാപമെന്ന വളവുകളിൽ ചെന്ന് പതിച്ച് ഭയങ്കരമായ അപകടത്തിൽ ചെന്ന് പെടാതെ ജീവിതത്തിൽ വന്നു പോയ തെറ്റുകളെ തിരുത്തി നമുക്ക് മുമ്പോട്ട് പോകാം. •••

# യൗവ്വനക്കാർ സുവിശേഷത്തിന് വില കൊടുക്കണം

**മാതാപിതാക്കളുടെ ഉള്ളുരുകുവാൻ നാം ഇടകൊടുക്കരുത്. അവരോട് കൈപ്പായിരിക്കുകയുമരുത്. മാതാപിതാക്കൾ വഴക്ക് പറയുമെങ്കിലും അവരുടെയുള്ളിൽ നിന്നും അത് മായിച്ചുകളഞ്ഞിരിക്കും.**






**ഷെറിൻ ഷേർളി സന്തോഷ്**

ഇന്ത്യയിൽ ജീവിക്കുന്ന നമുക്ക് സുവിശേഷം പറയുവാൻ അധികാരമില്ലേ? പിന്നെ എന്താണ് ഇങ്ങനെ സംഭവിക്കുന്നത്? അധികാരികൾ ഇത് കാണുന്നില്ലേ? അതോ കണ്ടിട്ടും മിണ്ടാതെയിരിക്കുകയാണോ? ഇന്ത്യൻ പീനൽ കോഡിൽ പറയുന്നു ഇന്ത്യയിൽ ജനിച്ച പൗരന്മാർക്ക് അവനവൻ വിശ്വസിക്കുന്ന മതത്തെ പ്രചരിപ്പിക്കുവാനുള്ള അധികാരവും സ്വാതന്ത്ര്യവും നൽകിയിട്ടുണ്ട്. ഇന്ത്യ ജനാധിപത്യരാജ്യം തന്നെയാണ് ഈ രാജ്യത്തെ ജനങ്ങളോട് ബഹുമാനത്തോടുകൂടി മറ്റ് മതങ്ങളെയോ വ്യക്തികളെയോ മുറിപ്പെടുത്താതെ അവനവന്റെ അഭിപ്രായത്തെ പൊതുജനങ്ങളെ അറിയിക്കുന്നതിൽ യാതൊരു തെറ്റുമില്ല.

പക്ഷേ കഴിഞ്ഞ ചില നാളുകളായി വടക്കേ ഇന്ത്യയിലും മറ്റ് ചില സംസ്ഥാനങ്ങളിലും സുവിശേഷ കരെ തടഞ്ഞുവച്ച് തല്ലുകയും മുറിവേൽപ്പിക്കുകയും ചെയ്തിട്ട് അവരുടെ പേരിൽ മതപരിവർത്തനത്തിന് കേസെടുത്ത് ജയിലിൽ അടക്കുന്നതായും കാണുന്നു. മാധ്യമങ്ങളിൽ കൂടി ഈവിധ പ്രവർത്തികൾ നമ്മുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതുമാണ്.

ഇത് ആർക്കും പിൻതള്ളാൻപറ്റാത്ത നഗ്നസത്യമാണ്. ജനാധിപത്യരാജ്യമായ ഇന്ത്യയിൽ ഈ വിധത്തിലുള്ള മനുഷ്യത്വമില്ലായ്മയ്ക്ക് പരിഹാരമില്ലേ? വീട്ടുകാർക്കും നാട്ടുകാർക്കും തല വേദനയായ വലിയൊരു കൂട്ടം മനുഷ്യരെയാണ് സുവിശേഷം നേർപാതകളിൽ ആക്കിയിട്ടുള്ളത്. അവരിൽ ചിലരെ സുവിശേഷകരാക്കിയിട്ടുമുണ്ട്. അവരെയാണ് ഇപ്പോൾ തല്ലി ചതയ്ക്കുന്നതും വിരട്ടുന്നതുമാണ് എന്ന് മറന്നുപോകരുതേ. ഇതിനോടുള്ള ബന്ധത്തിൽ ഞാനൊരു സർട്ടിഫിക്കറ്റ് കണ്ടു അതു പൊതുജനത്തിനായി അതേപടി ഇവിടെ പോസ്റ്റ് ചെയ്യുകയാണ്.

ഇത്രമാത്രം അറിവുള്ളവരും ബുദ്ധിശാലികളും ഇവിടെയുള്ളപ്പോൾ എന്ത് കൊണ്ട് ഇങ്ങനെയൊക്കെ സംഭവിക്കുന്നുവെന്ന് ചിന്തിക്കുമ്പോൾ നാണം തോന്നുന്നു. നമ്മുടെ രാജ്യം വെറും നീചമായ പ്രവർത്തികൾക്ക് കൂട്ടുനിൽക്കുന്നത് കാണുമ്പോൾ ലജ്ജയും തോന്നുന്നു. വിദ്യാഭ്യാസമില്ലാത്തവരെ നല്ല വഴികളിലേക്കും അനീതികളിൽ നിന്നും നീതികളിലേക്ക് തിരിയുവാനും പഠിപ്പിക്കുന്നതാണോ തെറ്റ്? യൗവ്വനക്കാർ ഒന്നടങ്കം ദൈവത്തിനായി നിലനിൽക്കണം ധൈര്യമായി ദൈവവചനം പ്രസംഗിക്കണം. നമ്മുടെ രാജ്യത്തെ സമാധാന രാജ്യമായി നേടിയെടുക്കാൻ കഠിനപ്രയത്നം നമുക്കാവശ്യമാണ്.

ആരെയും ഞങ്ങൾ ആക്ഷേപിക്കുകയില്ല, ആ സ്വഭാവം ഞങ്ങൾക്കില്ല എന്നുകൂടെ ഞങ്ങൾ അറിയി ക്കട്ടെ. കറുത്തവരുടെയും വെളുത്തവരുടെയും വിദ്യാഭ്യാസമുള്ളവരുടെയും ഇല്ലാത്തവരുടെയും ജാതിമത ങ്ങളിൽപ്പെട്ടവരുടെ എല്ലാം ശരീരത്തിൽ കൂടി വ്യാപരിക്കുന്നത് എന്റെ ശരീരത്തിലെ രക്തം പോലുള്ള ചുവപ്പു രക്തം തന്നെയാണ്. മനുഷ്യരാണ് ജാതി ഉണ്ടാക്കിയത്. യേശുക്രിസ്തു ജാതിയും മതവും പ്രാപിച്ചിട്ടില്ല. യേശു പാപികളെ സ്നേഹിക്കുകയും പാപത്തെ വെറുക്കുകയും ചെയ്യുന്നവനാണ്. ഈ വചനത്തെ യാണ് ഞങ്ങൾ ധൈര്യമായി പ്രസംഗിക്കുന്നത്. ഈ സത്യ സുവിശേഷം നമ്മുടെ മുദ്രാവാക്യമാണ് ഇതിൽ നാം ഉറച്ചു നിൽക്കുകയും പ്രസംഗിക്കുകയും ചെയ്യും. നരഗത്തെ കൊള്ളയടിച്ച് സ്വർഗ്ഗം നിറക്കുന്നവരാകട്ടെ നാം. •••

# ധരിച്ചിരിക്കുന്ന വസ്ത്രം നിമിത്തം കർത്താവ് നമ്മെ സന്ദർശിക്കും!

വിശുദ്ധിയുടെ മൂല്യം ദൈവസഭയ്ക്ക് നഷ്ടപ്പെടുന്നത് പാപം ചെയ്യുന്നവവരെ കൊണ്ടു മാത്രമായി രിക്കില്ല, മറിച്ച് പാപം ചെയ്യുന്നത് കണ്ടിട്ടും, അതിനോട് പ്രതികരിക്കാത്തവരെ കൊണ്ടായിരിക്കും. വിശുദ്ധി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വിശ്വാസസമൂഹത്തിൽ പലതും കണ്ടില്ലെന്നു നടിക്കുമ്പോൾ നാം ഒന്നോർക്കണം വിശ്വാസിയും അവിശ്വാസിയും വിശുദ്ധരും അശുദ്ധരും തമ്മിലുള്ള വ്യത്യാസം എന്താണ്?

ഇന്ന് സഭാഹാളിൽ ഏത് അശുദ്ധനും പാപിക്കും കടന്നവരാം. എന്നാൽ ദൈവസഭയിൽ എല്ലാവർക്കും കടന്നുവരുവാൻ സാധ്യമല്ല എന്നതാണ് സത്യം. കാരണം സഭയുടെ വാതിൽ യേശുക്രിസ്തുവാണ്. വാതിൽ ക്രിസ്തു ആകുമ്പോൾ അതിൽകൂടി കടക്കുവാൻ യേശുക്രിസ്തുവിനെ യോജിക്കുന്ന അളവുള്ളതായിരിക്കണം. നോഹ പെട്ടകം പണിതു പെട്ടകത്തിന് വാതിലും പണിതു പക്ഷേ അളവു ദൈവത്തിന്റേതായിരുന്നു. ദൈവത്തിന്റെ അളവ് പ്രകാരം വാതിൽ പണിതതുകൊണ്ടാണ് നിശ്ചയിക്കപ്പെട്ട മൃഗജാതികൾ ദൈവകൽപ്പന അനുസരിച്ച് പെട്ടകത്തിൽ കയറിയത്. മൃഗങ്ങളെ ഒന്നും നോഹ പിടിച്ചു കൊണ്ടുവന്നതല്ല, അവയെ ദൈവംക്കൊണ്ടു വന്നു എന്നുവേണം ചിന്തിക്കാൻ.

ദൈവസഭയുടെ വാതിൽ ദൈവത്തിന്റെ പുത്രനായ യേശുക്രിസ്തുവാണ്, യോഹന്നാൻ 10:9. 'ഞാൻ വാതിലാകുന്നു എന്നിലൂടെ കടക്കുന്നവർ രക്ഷപ്പെടും' ഇത് സത്യം, ഇതാണ് സത്യവചനം, ഇതായിരി ക്കണം ദൈവസഭയുടെ ആപ്തവാക്യം. ഇന്ന് ഇതിന്റെ ആവശ്യമില്ലാ എന്ന് ചിന്തിക്കുന്ന പുത്തൻതലമുറ, സഭയിൽ ആളെ കൂട്ടാൻ വളരെ ഉത്സാഹം കാണിക്കുന്നത് കാണാം. ഇതാണ് ദൈവസഭയുടെ ഇന്നത്തെ വലിയ ദുരന്തം എങ്ങനെയും ആളെ കൂട്ടി മെഗാ ചർച്ച് ഉണ്ടാക്കുവാനുള്ള തത്രപ്പാടിലാണ്. അതിനുവേണ്ടി വാതിൽ പൊളിച്ചുമാറ്റി ഏവരേയും ഉള്ളിൽ പ്രവേശിക്കുവാൻ അനുവദിക്കുന്നു.

'ഇടുക്കുവാതിലിലൂടെ അകത്തുകടപ്പിൻ; നാശത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളതും, വഴിവിശാലവും അതിൽകൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേക്ക് പോകുന്നവാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളത്, അത് കണ്ടെത്തുന്നവർ ചുരുക്കമത്രേ' (മത്തായി 7:13,14).



പി. വി. സന്തോഷ്, മുംബൈ

വാതിൽ വിശാലമാകുമ്പോൾ ലോകരെ കൊണ്ട് നിറയുന്നു. ഈ ജഡികരെ സഭയിൽ നിലനിർത്തണമെങ്കിൽ ലോകത്തിലുള്ളത് കൂടുതൽ കൊടുക്കണം. ചുരുക്കിപ്പറഞ്ഞാൽ ലോകം സഭയ്ക്കുള്ളിലാകണം. കടന്നുവരുന്ന ജനത്തെ വിശുദ്ധിയിലും, വേർപാടിലും വളർത്തുവാനും വിശുദ്ധിയിൽ നിത്യതയ്ക്കൊരുക്കു വാനുമുള്ള ആരു പരിശ്രമമോ, പഠനമോ, പഠിപ്പിക്കലുകളോ, ഇല്ല എന്നത് യാഥാർത്ഥ്യം തന്നെ. സഭയിൽ നിത്യതയെക്കുറിച്ച് ചിന്തയുള്ളവർ ഉണ്ടെങ്കിൽ അവർ നിരാശപ്പെടേണ്ട അവസ്ഥയാണ്. സഭയിൽ കടന്നുവരുന്ന ജനത്തെ നിത്യതയ്ക്കു വേണ്ടി ഒരുക്കുന്നതാണെങ്കിൽ, കൃത്യമായ വിശുദ്ധിയെക്കുറിച്ചുള്ള പഠനവും, ഉപദേശവും, ശാസനയും, ശിക്ഷണവും, ഉണ്ടാകും. ഇന്ന് ഇതെല്ലാം അന്യം നിന്നുപോയിരിക്കുന്നു.

വിശുദ്ധിയുടെ അതിർവരമ്പുകൾ പലതും ലംഘിച്ച് ദൈവീകമൂല്യങ്ങളെ പുറകിലെറിഞ്ഞുകൊണ്ട് സുവിശേഷവേലയിൽ അത്യധികം അദ്ധ്വാനിക്കുന്ന പുതുതലമുറ, ആളുകൂടുന്നതാണ് ആത്മീകം എന്നു ചിന്തിക്കുന്ന, കപട ചിന്തകളുള്ള തലമുറയുടെ നടുവിലാണ് നാം. കൂടാതെ ഉപദേശത്തിൽ കത്രികവച്ച് ഉപദേശിക്കുന്ന ഉപദേശിമാരുള്ള കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. നിത്യതയേക്കുറിച്ച് പലപ്പോഴും ലക്ഷ്യബോധമില്ലാതെ സഭയ്ക്കുള്ളിൽ എന്തുമാകാം എന്ന അവസ്ഥയിലേക്ക് എത്തിച്ചേർന്നു. ആരാധന യ്ക്കുപോലും ചട്ടങ്ങൾ ചിട്ടപ്പെടുത്തിയിട്ടുള്ള ദൈവവചനത്തെ ലവലേശം ഗണ്യമാക്കാതെ (എബ്രായർ 9:1). എന്നാൽ ആദ്യനിയമത്തിലും ആരാധനക്കുള്ള ചട്ടങ്ങളും ലൗകീകമായ വിശുദ്ധമന്ദിരവും ഉണ്ടായിരുന്നു. എങ്ങനെയും ആരാധിക്കാം, ഏതു വേഷത്തിലും ആരാധിക്കാം ഏതു ഭാവത്തിലും സഭയ്ക്കുള്ളിൽ കടന്നുവരാം, വേഷത്തിൽ മാന്യതയില്ല, ഭാഷയിൽ സൗമ്യതയില്ല, ഭാവത്തിൽ സൗമ്യതയില്ല, സമയക്രമം പാലിക്കാറില്ല, തോന്നുമ്പോൾ വരും, ആശീർവാദത്തിന് മുമ്പ് ഇറങ്ങിപോകും. കുത്തഴിഞ്ഞ പുസ്തകം പോലെയാണ് മിക്ക ആരാധനകളും.

വേഷവിധാനത്തിൽ ഏറെ അപഹാസ്യമാകുന്നത് സ്ത്രീകളാണ്, അതിൽ കൊച്ചു പെൺകുഞ്ഞുങ്ങൾ മുതൽ പ്രായമായവർ വരെ. തങ്ങൾ ധരിക്കുന്ന വസ്ത്രങ്ങളെക്കുറിച്ച് അവരവർക്കു തന്നെ സ്വയം അവബോധമില്ലെങ്കിൽ പോലും, തങ്ങളുടെ ഭർത്താക്കന്മാർക്കോ, മാതാപിതാക്കൾക്കോ, ന്യായമായ ബോധം ഉണ്ടാകുന്നത് നല്ലതാണ്, ജാതികളെയും, സിനിമ, സീരിയലുകളിലെ നടിനടന്മാരെ അനുകരിച്ച് അനുധാവനം ചെയ്യുന്നവരാണ് ഇന്ന് സഭയ്ക്ക് അധികവും. ആരാധനയ്ക്ക് പോകുന്ന ദൈവജനത്തെ അവരുടെ വേഷം കൊണ്ട് തിരിച്ചറിഞ്ഞിരുന്ന ഒരു കാലം നമുക്കുണ്ടായിരുന്നു. എന്നാൽ ഇന്നത്തെ അവസ്ഥ വളരെ ശോചനീയം. പ്രദർശനമേളയിൽ ചിലതിനെ, പ്രദർശിപ്പിക്കാനും, ചിലരെ പ്രസാദിപ്പിക്കാനും ഉള്ള ഒരു കൂത്താട്ടങ്ങളായി മാറിക്കഴിഞ്ഞോ? എന്നു സംശയം.



**ആരാധനയ്ക്ക് പോകുന്ന ദൈവജനത്തെ അവരുടെ വേഷം കൊണ്ട് തിരിച്ചറിഞ്ഞിരുന്ന ഒരു കാലം നമുക്കുണ്ടായിരുന്നു. എന്നാൽ ഇന്നത്തെ അവസ്ഥ വളരെ ശോചനീയം.**

നാം ഉൾക്കൊള്ളുന്ന സമൂഹത്തിലെ ഇതര മതസ്ഥരും, ഭരണാധികാരികളും, അക്രൈസ്തവരുമായ വിലയും, നിലയും ഉള്ള സഹോദര സഹോദരിമാരുടെ പ്രസ്ഥാവനകളും, പ്രതിഷേധങ്ങളും, നാം കേൾക്കു കയും, കാണുകയും ചെയ്തുകൊണ്ടിരിക്കുന്നവരാണ്. ദൈവാലയങ്ങളിലും, പള്ളികളിലും, ക്ഷേത്രങ്ങളിലും, സ്ത്രീകൾ മാന്യമായ വസ്ത്രം ധരിക്കണം എന്ന വസ്തുത.

അടിവസ്ത്രം ഫാഷനാക്കി നടക്കുന്ന സഹോദരിമാർ സമൂഹത്തിലും, സഭകളിലും സർവ്വസാധാര ണമായി കണ്ടുവരുന്നു. കിടപ്പു മുറിയിലിടുന്ന വസ്ത്രം പോലും ഫാഷൻ എന്നപേരിൽ നിരത്തുകളിലും സഭകളിലും നിരനിരയായി ധരിച്ചിറങ്ങുന്നു. ഹൈന്ദവസംസ്കാരം പൂർണ്ണമായും ഉൾക്കൊണ്ടു ജീവിതം നയിക്കുന്ന, ഒരു മാന്യസഹോദരി ലക്ഷ്മി തമ്പുരാട്ടി എഴുതിയ ഒരു ലേഖനത്തിലെ പ്രസക്തഭാഗം ഉൾക്കൊള്ളിക്കട്ടെ (Jun/09/2013/ KalaKaumudi). യൂറോപ്പിലെ നവോത്ഥാന കാലഘട്ടത്തിൽ ലെഗിൻസിനു സമാനമായ ചില വസ്ത്രങ്ങൾ ഉപയോഗിച്ചിരുന്നതായി ചരിത്ര പരാമർശങ്ങളുണ്ട്. ലോകമഹായുദ്ധ കാലങ്ങളിൽ തുകൽ, കമ്പിളി എന്നിവ കൊണ്ടു നിർമ്മിച്ച ഇടുങ്ങിയ വസ്ത്രങ്ങൾക്കു പ്രചാരമുണ്ടായിരുന്നു. എഴുപതുകളിൽ പട്രീഷ്യാ ഫീൽഡ് മോഡേൺ എന്ന വ്യക്തി ലെഗിൻസ് രൂപകൽപന ചെയ്തു. അവർ ''സെക്സ് ആന്റ് ദി സിറ്റി'' എന്ന സിനിമ സീക്കൻസിന്റെ വസ്ത്രാലങ്കാര വിദഗ്ധ എന്ന നിലയിൽ എമ്മി അവാർഡ് നേടിയ അമേരിക്കൻ ഫാഷൻ ഡിസൈനറാണ്. അവർ നൂറ് ശതമാനവും ലൈംഗീക ഉത്തേജക വസ്ത്രം എന്ന ആശയത്തിൽ നിന്നു കൊണ്ടാവിഷ്കരിച്ചതാണ് ലെഗിൻസ്.

സ്ത്രീകളുടെ പംക്തി

# ദോഷത്തിനുള്ള പ്രേരണ

വേദപുസ്തകത്തിലെഅമ്മമാരെപ്പറ്റി നാം ചിന്തിക്കുകയാണല്ലോ. ദൈവവചനത്തിനുസരണമായി തലമുറകൾ വളരണം എന്നാഗ്രഹിക്കുന്ന അമ്മമാർ ഉള്ളപ്പോൾ തന്നെ വചനവ്യവസ്ഥകളോ സാമാന്യമര്യാദകളോ മക്കളെ പഠിപ്പിക്കാതെ, അവരുടെ ഇഷ്ടങ്ങൾക്കനുസരിച്ച്, അവരെ അഴിച്ചുവിടുന്ന അമ്മമാരും ഇല്ലാതില്ല. അപ്രകാരമുള്ള ഒരു സ്ത്രീയെക്കൊണ്ട് ഒരു നല്ല തലമുറയെ വാർത്തെടുക്കുവാൻ കഴിയുകയില്ല. ഇന്നത്തെ ലോകത്തിന്റെ ഗതികളനുസരിച്ച് ജീവിക്കുകയും അങ്ങനെയുള്ള വഴികളിലൂടെ നടത്തുകയും ചെയ്യുന്ന അമ്മമാർ ശ്രദ്ധിക്കട്ടെ.

നാം ചിന്തിക്കുന്ന സ്ത്രീ..... മർക്കോസിന്റെ സുവിശേഷം 6:24 ൽ കാണുന്നു. ഹെരോദാവിന്റെ ജനനദിവസത്തിൽ നടന്ന വിരുന്നിൽ നൃത്തം ചെയ്ത ബാലയുടെ ചോദ്യത്തിനുമുമ്പിൽ, യാതൊരു സങ്കോ ചവും കൂടാതെ ഒരു ദൈവമനുഷ്യന്റെ തല ചോദിക്കുവാൻ പ്രേരിപ്പിക്കുന്ന ഒരു അമ്മയെ നാം കാണുന്നു. തന്റെ ജീവിതത്തിലെ ദുഷിച്ച പ്രവണതകളെ ചോദ്യം ചെയ്ത, പ്രവാചകനോട് ഹൃദയത്തിൽ സൂക്ഷിച്ചു വച്ചിരുന്ന പക, അവസരം ലഭിച്ചപ്പോൾ പുറത്തെടുത്ത ഒരു സ്ത്രീ. ബാലയുടെ ചോദ്യം കേട്ടപ്പോൾ, അവളെ നല്ല വഴികൾ പറഞ്ഞുകൊടുക്കുവാൻ കടപ്പെട്ട അമ്മ, അവളെ മോശമായ ഒരു കാര്യത്തിനായി പ്രേരിപ്പിച്ചു.

ഒരു തലമുറയെ മോശമായ വഴിയിലേക്ക് സ്വാധീനിക്കുവാൻ കഴിഞ്ഞ ഒരു അമ്മയെ നാം ഇവിടെ കാണുന്നു. തന്റെ പാപത്തെ ഇനിയും വെളിപ്പെടുത്തുവാൻ ആരും ഉണ്ടാക്കരുത് എന്ന ചിന്തയായിരിക്കണം തന്നെ ഭരിച്ചത്. ഒരാളെ നശിപ്പിച്ചാൽ അതിലും ശക്തനായ യേശു പിന്നാലെ വരുന്നു എന്ന് ചിന്തിക്കുവാനവൾക്ക് കഴിഞ്ഞില്ല. അയച്ചവനെ തകർക്കുവാൻ കഴിഞ്ഞേക്കാം. എന്നാൽ ദൈവപുത്രനെ തകർക്കുവാൻ കഴിയുകയില്ല. ആ പെൺകുട്ടിയുടെ ജീവിതത്തിൽ, അതൊരു വഴിത്തിരിവായിരിക്കാം ആ സംഭവം. അവളുടെ ചെറിയ മനസ്സിൽ, ആകാത്ത ഒരു വിത്ത് വിതയ്ക്കുവാൻ ആ അമ്മയ്ക്ക് കഴിഞ്ഞു.

ഇന്നത്തെ അമ്മമാരോട് ചോദിക്കട്ടെ, ഇപ്രകാരമുള്ള ഒരു സ്വാധീനമാണോ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് കൊടുക്കുന്നത്? ലോകത്തിന്റെ പാപവഴികളിൽ കുരുങ്ങിക്കിടന്നു കൊണ്ട്, തലമുറയെ അതിക്രമങ്ങളുടെ വഴിയിലേക്ക് നിങ്ങൾ തിരിച്ചുവിടുകയാണോ? പാപം ചെയ്യുവാൻ സ്വന്തം മക്കളെ പ്രേരിപ്പിക്കുന്ന ഒരു അമ്മയെക്കുറിച്ച് ഞാൻ കേട്ടു. നിങ്ങളുടെ ഉദരത്തിൽ ചുമന്ന്, നൊന്തുപ്രസവിച്ച തലമുറയെ കുപ്രസിദ്ധ തയാക്കുവാനും പ്രസിദ്ധയാക്കുവാനും നമുക്ക് കഴിയും. ഏത് വേണം എന്ന് തിരഞ്ഞെടുക്കുന്നത് ദൈവവചനം ഗ്രഹിക്കുന്നതിലൂടെയാണ് ഇതുവരെയും നിങ്ങളുടെ മക്കളെ നേരായ വഴിയിലേക്ക് സ്വാധീനിക്കുവാൻ നിങ്ങൾക്ക് കഴിഞ്ഞില്ല എങ്കിൽ ഭാരപ്പെടേണ്ട, ഇനി മടങ്ങിവരിക ദൈവവചനം ഗ്രഹിക്കുക, തലമുറയ്ക്ക് വേണ്ടി പ്രാർത്ഥിക്കുക, പ്രാർത്ഥനയിലൂടെ ലഭിച്ച ദൈവശക്തിയോടെ തലമുറയെ ഉപദേശിക്കുക. അവരുടെ പാപവഴികളെ വിട്ടുമാറി യഥാർത്ഥ വഴിയിലേക്ക് തിരിഞ്ഞുവരും.



ഷീലാ ദാസ്

ആദ്യം ദൈവവചനപ്രകാരം ജീവിതത്തെ ദൈവത്തിനുവേണ്ടി സമർപ്പിക്കുവാൻ അമ്മ തയ്യാറാകട്ടെ. അമ്മയിൽ വരുന്ന മാറ്റങ്ങൾ മക്കൾ ശ്രദ്ധിക്കും. അത് മക്കളുടെ ഹൃദയത്തെ സ്വാധീനിക്കും. ലോകത്തിലാ ർക്കും നിങ്ങളുടെ മക്കളെ രൂപാന്തരപ്പെടുത്തുവാൻ കഴിയില്ല. എന്നാൽ ആ ഉത്തരവാദിത്തം ദൈവം ഏൽ പ്പിച്ചത് ഒരു മാതാവിനെയാണ് എന്ന് മറക്കരുത്. ദൈവം അനുഗ്രഹിക്കുവാനുള്ള തലമുറയെ നിന്റെ കയ്യിൽ തന്നിരിക്കുന്നു എന്ന് തിരിച്ചറിഞ്ഞ് നല്ലതും തീയതും വേർതിരിച്ച് പഠിപ്പിച്ചുകൊടുത്ത് മക്കളെ നേരായ മാർഗ്ഗത്തിലൂടെ വഴിനടത്തി നിത്യതയിലെത്തിക്കുവാൻ നിയോഗം ലഭിച്ച അമ്മമാർ അതിനുവേണ്ടി പ്രാർ ത്ഥനയോടെ മുമ്പോട്ട് വരുവാൻ ദൈവം സഹായിക്കട്ടെ. •••




# CHRISTIAN FAITH IN THIS CHANGING WORLD



By Pastor Stanley Joseph

This world is changing at a very rapid pace. Of course this world has always been changing. But the Tsunami called the 'Information Technology' took the world by surprise. The changes that took place in the past 25-30 years were more, than last 5,000 years. Information has become the currency of this new millennium. The Information Technology (I. T. world) has changed the way we think, live and work. Even our faith life has also been impacted by the knowledge that is available to us. Many a times we swallow the information given to us through the Internet without understanding the motives of the provider. And because it is free we usually don't challenge or question the provider.

The global cultural changes that are taking place now are profound. Changing morals and decaying societies are not new in human history. The recent U.S. Supreme Court decision to legalize homosexual marriages in all 50 states merely highlights a vast sweeping social and religious change that is sweeping through the entire globe. The United States of America considered the leader of the world is moving even more rapidly towards self-destruction than the societies of the past.

But as Christians we can continue to rely on an unchanging God and His revealed Word. Indeed God Himself has told us, "For I am the LORD, I do not change." (Malachi 3:6) Our challenge is to build and maintain an unshakeable faith in this constantly changing world. We look to the Almighty God who is far greater than anything men or the rulers of this world could ever say or do. So, we need the wisdom of God to see this world for what it is and to overcome the efforts of Satan that is working overtime to subvert our faith.

God has plainly described in the Word of God how in the end times, Satan will attack the children of God with the love of this world. "Do not love the world or the things in the world. If anyone loves the world, the love of the Father is not in him. For all that is in the world—the lust of the flesh, the lust of the eyes, and the pride of life—is not of the Father but is of the world. And the world is passing away, and the lust of it; but he who does the will of God abides forever." (2 John 2:15-17)

Since the world is so changeable, and we do not know what the next hour or next day will bring, we must fix our eyes on something or someone who is unchangeable. God's providence is real! The providence of God is one of the greatest themes of the Bible and one of the greatest blessings of a child of God. There is a wonderful harmony in the divine working of God or in His providence. "And we know that all things work together for good to them that love God, to them who are called according to his purpose." (Romans 8:28) Let us accept with joy the life, which God sends our way, and look forward, with great anticipation toward that which is beyond.

Anything and everything in this world without God is vanity. Take away our relationship with God and nothing in the life of a man is of any value. The morality of a child of God cannot change with the changing of times. The Almighty God and our Creator has already dictated to us how to be in this world even as the world continues to change from time to time. A child of God realizes God's sovereignty when he understands that God is always in control. God knows before hand what is going to happen. We do not have a God who needs to adapt with the changing times or circumstances. The God of our Bible sits on the throne above the earth and the heavens independent of the creations. Our God is a holy and perfect God. Neither God nor His Word needs to change. "Heaven and Earth will pass away, but my Word will never pass away." (Matthew 24:35)

A child of God is always in a dilemma not understanding how to live his faith. So, how do I live in this world and keep my faith? For that we need to clearly understand the Scriptures. God never wants His children to change according to the world but according to the Word of God. Paul advices the Church of Rome, "Do not be conformed to this world, but be transformed by the renewing of your mind, that you may prove what is good and acceptable and perfect will of God." (Romans 12:2)

But many times we exchange our thoughts with the thoughts of God. We try to implement our ways into the ways of God and try to convince ourselves that it is fine or that God is pleased with our thoughts and ways. When it is the contrary. "For My thoughts are not your thoughts, neither are your ways my ways." (Isaiah 55:8)

We also know that God is perfect and we are not. So, how do we imperfect people live and please the Almighty God who is holy and perfect. To understand how to live in this evil and changing world, we need to study and obey the guide or the manual given to mankind, which is the Word of God. The standard, a child of God lives is not according to the standard of the world but according to the Scriptures. And this standard has never changed, from creation to eternity and from Genesis to Revelation it continues to remain the same. We are called to live a life that is pleasing God by obeying the Word of God.

It is easier said than done. When the pressure of the world tends to be heavy that's when he starts to compromise on the Word of God. If only we all had the strength, patience, hope and belief to hold on to God's promises. Then we would surely see the salvation in due time. That is a promise made by God. And we know that, "God is not man that He should lie." (Numbers 23:19) Through out the history of the Bible, we see God sending a Prophets, Judges and Kings to deliver the children of Israel from the enemies. And finally, for the salvation of mankind, God sent His Son, Jesus Christ. (John 3:16)

As I conclude, I want to remind all you that there is difference between "fact" and "truth." They might both sound similar but the meaning is different. Let me give you an example, "I am alive and I am writing this article." If you read this article 50 years later, the first part of the statement might not be a fact. Why? because I might be dead by then. But when God says, "I am alive," (Hebrews 4:12) and the Son of God says, "I am the way, the truth and the life." (John 14:6) This statement is never changing and that is the ultimate truth. Not only from the time of creation of this world but also from Eternity to Eternity this has and will continue to be the truth. So, lets not rely on the facts of this world and change from time to time but hold on to the only truth, which is the Word of God.

വിസിറ്റിംഗ് വിസ
സൗദി അറേബ്യ, ഖത്തർ, ദുബായ്, കുവൈത്ത്, മസ്ക്കറ്റ്, ബഹ്റിൻ, സിംഗപ്പൂർ & മലേഷ്യ, ബ്രൂണെ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിക്കുന്നതിനും തൊഴിലന്വേഷിക്കുന്നതിനും വിസിറ്റിംഗ് വിസകൾക്കും സമീപിക്കുക
GLOBAL CARE TRAVEL SERVICES ESTD 1998
2nd Floor, 17/1246 C2, Pathoor Tower,
Puthiyara road, Stadium Junction, Calicut - 4
Phone: 0495-2720881, 0495 4010970, Mobile: +91 9447040281
Email: globalcalicut@gmail.com, globalcareccj@gmail.com




AMERICA

## Post Trump travel ban, foreign students in US mull migrating elsewhere for prospects



NEW YORK: US President Donald Trump's curbs on immigration are forcing foreign graduate students and researchers from countries like India, to look for alternative plans for their education and career, including moving to another country, according to a survey report.

When President Trump came out with his initial executive order in January that barred people from seven predominantly Muslim countries from entering the US for 90 days, the foreign graduate students and postdoctoral scholars in America scrambled to figure out how such travel restrictions would affect them. "The first 24 hours, nobody did any work," says Saghi Saghazadeh, an Iranian postdoctoral scholar at the Harvard Medical School. "I was constantly refreshing news websites; that's all I did," Chemical & Engineering News" (C&EN) quoted him as saying in its latest issue. "I'm walking on eggshells, and I don't know what's going to happen," Saghazadeh says. "The worst part is that we cannot plan for the future," he said.

Foreign graduate students and postdoctoral scholars whom C&EN spoke with said they are seriously considering leaving the US for countries that have a more welcoming immigration policy. "I'm questioning the stay in America, and I have already started looking through documents for Canada," Saghazadeh says. "I will go to a country where I have to worry less about my life."

It is not just students and postdoctoral scholars from the affected countries who are feeling unsettled, the report said citing an example of a graduate student from India. The Indian student at Oklahoma State University who came to the US in 2011 said he worries about potential changes that might happen to the process of obtaining an H-1B temporary work visa. The Indian national did not want his name included out of concern for his career prospects, the report said.

On March 3, the Trump Administration announced suspension of expedited processing of H-1B visas for up to six months. Several bills now in Congress also propose additional changes to the H-1B visa process, widely used by Indian IT firms and professionals. The number of H-1B visas awarded to researchers in the chemical sciences is already extremely low.

In 2015, according to data from the US Citizenship & Immigration Services, initial H-1B petitions approved in occupations in mathematics and physical and life sciences accounted for approximately four per cent of the total approved H-1B petitions. In comparison, 62 per cent of the approved H-1B petitions went to computer-related occupations, the report said. "If I get a job in the US, I would stay, but if I don't get a job, what am I going to do? I have to plan accordingly," says the Indian national, who is a Oklahoma State graduate student.

"I don't feel secure, and I don't have a clear vision of what's going to happen. I have to look at other options." He says he's looking into opportunities in Australia, New Zealand, Japan, and countries in Europe, as well as prospects back home in India.

EUROPE – ITALY

## Pope signals he's open to married Catholic men becoming priests

Rome: Pope Francis has said he is open to married men becoming priests to combat the Roman Catholic Church's shortage of clergy.

In an interview with German newspaper Die Zeit, Pope Francis said the lack of Catholic priests was an "enormous problem" for the Church, and indicated he would be open to a change in the rules governing eligibility for the priesthood.

"We need to consider if 'viri probati' could be a possibility," he said. "If so, we would need to determine what duties they could undertake, for example, in remote communities."



Viri probati is the Latin term for "tested men" or married men of outstanding faith and virtue.

The option would allow men who are already married to be ordained as priests. But single men who are already priests would not be allowed to marry, according to the Pope.

GULF/UAE

## Dubai's ruler orders men who fed cat to dogs to clean zoo

Three men accused of feeding a cat to hungry dogs have been ordered by Dubai's emir to clean its zoo for four hours a day for the next three months.

In a video of the incident, a man can be heard encouraging two dogs to drag the cat from an open cage to punish it for eating chickens and pigeons.

Sheikh Mohammed bin Rashid Al Maktoum condemned the "brutal and cruel act". Last month, the emir ordered a group of men to clean streets for four hours a day as punishment for reckless driving.

It is not clear if the men who fed the cat to the dogs will also face prosecution.

Maj Gen Khalil al-Mansouri of Dubai police force's criminal investigation department warned on Tuesday that those convicted of animal cruelty could face jail terms and heavy fines under a new law in the United Arab Emirates.

ASIA/INDIA

## BSNL offers 2GB data per day, unlimited calling for Rs 339




To counter threat from Reliance Jio, state-run telecom firm BSNL launched a new plan that offers 2 GB of 3G data per day and unlimited calling within its network for Rs 339. "The benefits customer will get under the Combo STV (special tariff voucher) of Rs 339 are unlimited calls in BSNL network and unlimited data with fair use policy of 2 GB per day with validity of 28 days," BSNL said in a statement. The offer is limited for 90 days. Reliance Jio is offering 1GB of 4G data and unlimited calling to all network for free till March 31. From April 1 onward, Reliance Jio customers opting for Jio Prime service will get unlimited data and calls till March 31, 2018, for one time registration fee of Rs 99 and Rs 303 per month.

Europe/UK

## Brexit: Royal assent given as Article 50 trigger moves nearer

London: Britain's exit from the European Union moved another step closer Thursday after the legislation enabling the country's departure was given royal assent by Queen Elizabeth II.

The Queen's signature means that British Prime Minister Theresa May is now able to move forward and trigger Article 50, allowing formal talks to begin between Downing Street and the EU's 27 member states on the terms of the divorce.

The negotiations are expected to take up to two years once May finally invokes the leaving.

## പാട്ടിന്റെ വഴി

സി. റ്റി. മത്തായി

# വാഴ്ത്തുമെന്നും പരമേശനെ

യേശുക്രിസ്തുവിന്റെ നാമം പറയുന്നവരെ ഉപദ്രിക്കാൻ ഇറങ്ങി പുറപ്പെട്ട ശൗലിനെ പിടിച്ച് കർത്തൃസേവയിൽ പ്രയോജനപ്പെടുത്തിയ കർത്താവിന്റെ മക്കളെ പരിഹസിക്കുവാൻ അവസരം കാത്ത് കഴിഞ്ഞിരുന്ന മത്തായിയെ കർത്താവ് പിടിച്ചു. തെറ്റ് സമ്മതിച്ച് കുറ്റം ഏറ്റുപറഞ്ഞ് ദൈവ കൽപന അനുസരിച്ച് ഉടയവനെ സേവിക്കുന്ന അടിമയെപ്പോലെ ദൈവവേലയിൽ ശോഭിച്ച വ്യക്തിയാണ് സി.റ്റി. മത്തായി. അത്യുത്സാഹിയും, ധനമോഹമില്ലാത്തവനും അതിഥി സൽക്കാര പ്രീയനും നിർഭയനായ വാഗ്മിയും ഒക്കെയായിരുന്നു സി.റ്റി. മത്തായി.

ബുദ്ധിമുട്ടും, കഷ്ടതയും, പട്ടിണിയും സന്മനസോടെ സഹിച്ച് വടക്കൻ തിരുവിതാംകൂറിൽ എരിഞ്ഞു ശോഭിച്ച വിളക്കായിരുന്നു താൻ. ശക്തനായ സുവിശേഷ പോരാളിയും ക്രിസ്തീയ ഗാനരചയിതാക്കളുടെ നിരയിൽ സ്ഥാനം നേടിയ ആളുമായിരുന്നു അദ്ദേഹം. അഞ്ചുമക്കളിൽ മൂന്നുപേർ പെൺമക്കൾ. പണമില്ലെങ്കിലും, പണക്കാരനെപ്പോലെ ദൈവവേലയെ സ്നേഹിക്കുകയും കടംവാങ്ങിയും ദൈവജനത്തെ സൽക്കരിക്കുകയും സഹായിക്കുകയും ചെയ്തിരുന്നു. വീട്ടാവശ്യങ്ങൾ പലതും മുടങ്ങിപോയിട്ടും വിശാല ഹൃദയത്തോടെ ചിലവു ചെയ്ത് ഒടുവിൽ കടക്കാരനായി തീർന്നു. ഉണ്ടായിരുന്ന അൽപം വസ്തുവും ചെറിയ വീടും വിറ്റ് കടം തീർക്കുവാൻ നോക്കിയിട്ടും കടം ശേഷിച്ചു.

വടക്കൻ തിരുവിതാംകൂറിലെ പ്രവർത്തകരുടെ ഗ്രൂപ്പ് ഫോട്ടോ എടുക്കുന്ന സമയം ധരിക്കാൻ ഒരു ഉടുപ്പിലാതിരുന്നതിനാൽ മുണ്ട് പുതച്ച് കൊണ്ട് നിന്നാണ് ഫോട്ടോ എടുത്തത് എന്നത് ചരിത്രസത്യം. മിഷനറിമാരുടെ സഹായം മറ്റ് പല പ്രവർത്തകർക്കും ലഭിച്ചപ്പോഴും മത്തായിച്ചന് അത് ലഭിച്ചില്ല. പരിഭവമോ, പിറുപിറുപ്പോ ഇല്ലാതെ ആ ദൈവസ്നേഹി എല്ലാം സഹിച്ചു.

ചുരുക്കം ചില ദൈവമക്കളുടെ നിർലോഭമായ സഹായങ്ങളാണ് പലപ്പോഴും ആശ്വാസമായത്. താനും, ഭാര്യയും, വിശപ്പു സഹിച്ചു നിൽക്കും. അഞ്ചു കുഞ്ഞുങ്ങൾക്കു വിശപ്പടക്കാൻ ഒന്നുമില്ലാഞ്ഞതിനാൽ വളരെ ഭാരപ്പെട്ടു. മൂന്നുദിവസം അരി ആഹാരം കഴിക്കാനില്ലാതെ ക്ഷീണിതനായി തീർന്നപ്പോഴും അറിഞ്ഞ സത്യത്തിനുവേണ്ടി ഉറച്ചു നിന്ന് വിശന്ന് തളർന്ന് പാർത്ത ഭവനത്തിന്റെ ഉൾമുറിയിൽ ഇരുന്ന് വിശപ്പു വകവെയ്ക്കാതെ 34-ാം സങ്കീർത്തനം ധ്യാനിച്ച് അതിലെ ആശയങ്ങൾ ഹൃദയത്തിൽ ഉൾക്കൊണ്ട് വിശ്വാസത്താൽ എഴുതിയ ഗീതമാണ് 'വാഴ്ത്തുമെന്നു പരമേശ്വരനെ' എന്ന ഗാനം.

അൽപം ആശ്വാസമായിട്ടുള്ള സമ്പത്തായിരുന്നു ഒരു പശുവും കിടാവും. അതും വിറ്റ് കടം തീർക്കണം എന്ന് ഒടുവിൽ ഭാര്യയോട് പറഞ്ഞിട്ടാണ് അദ്ദേഹം പോയത്. 41-ാം വയസ്സിൽ സന്നിപാത ജ്വരം ബാധിച്ച് ബോധരഹിതനായി തീർന്ന്, ഹല്ലേലുയ്യാ, സ്തോത്രം എന്നു മാത്രം ഉറക്കെ പറഞ്ഞുകൊണ്ട് ആ ദൈവസ്നേഹിയായ മനുഷ്യൻ മഹത്വത്തിലേക്ക് പ്രവേശിച്ചു.

# ഭാരതപ്പുഴ കൺവെൻഷൻ സമാപിച്ചു

സാം കൊണ്ടാഴി (മീഡിയ കൊണ്ടാഴി)




ഒറ്റപ്പാലം: ആധുനിക സംഭവ വികാസങ്ങളും ആധാർ പോലുള്ള ഡിജിറ്റൽ സാങ്കേതികതകളും ക്രിസ്തുവിന്റെ വീണ്ടും വരവിനെ ഉറപ്പിക്കുന്നുവെന്നും അവ നമ്മെ ഒരുക്കത്തിലേക്ക് നയിക്കട്ടെയെന്നും പാസ്റ്റർ തോമസ് മാമ്മൻ പ്രസ്താവിച്ചു. ഫെബ്രുവരി 23 മുതൽ 26 വരെ ഒറ്റപ്പാലത്ത് നടന്ന ഭാരതപ്പുഴ കൺവെൻഷനിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഫെബ്രുവരി 23 വൈകിട്ട് ആരംഭിച്ച കൺവൻഷൻ പ്രസിഡൻറ് ഇ.പി. വറുഗീസ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ വറുഗീസ് എബ്രഹാം, ബാബു ചെറിയാൻ എന്നിവർ തുടർന്നുള്ള ദിവസങ്ങളിൽ പ്രസംഗിച്ചു. വി.എം. രാജു, എം.കെ. വിൽസൺ, പി.ഡി. ജേക്കബ് എന്നിവർ അദ്ധ്യക്ഷത വഹിച്ചു.

മലപ്പുറം ജില്ലാ ജഡ്ജി വിൻസന്റ് ചാർളി, ടോണി ഡി. ചെവ്വൂക്കാരൻ, കെ.എൻ. റസ്സൽ എന്നിവർ ആശംസകൾ നേർന്നു. ഡോ. ബ്ലസ്സൻ മേമന, സ്റ്റീഫൻ ദേവസ്സി എന്നിവർ ഗസ്റ്റ് സിങ്ങേഴ്സായിരുന്നു. പാസ്റ്റർ ജെയിംസ് വറുഗീസിന്റെ നേതൃത്വത്തിൽ ശാലേം വോയ്സ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ സഭകളുടെ ഐക്യസംരംഭമായ ഭാരതപ്പുഴ കൺവെൻഷൻ മലബാറിലെ ഏറ്റവും വലിയ ക്രിസ്തീയ സംഗമമാണ്. പാസ്റ്റർ പി. കെ. ചെറിയാൻ, പി.കെ. ദേവസി, പി.സി. ജോർജ്ജ്, സജി മത്തായി കാതേട്ട്, എൽ. ജസ്റ്റസ്, ബിജു തടത്തിവിള, സാം കൊണ്ടാഴി തുടങ്ങിയവർ കൺവെൻഷന് നേതൃത്വം നൽകി.

## പി.വൈ.സി. മേഖലാസമ്മേനങ്ങൾ

തിരുവല്ല: പെന്തെക്കോസ്ത് കൗൺസിൽ ഓഫ് ഇന്ത്യയുടെ യുവജന വിഭാഗമായ പി.വൈ.സിയുടെ മേഖലാ സമ്മേളനങ്ങൾ പട്ടംപ്ലാമൂട് എ.ജി. സഭയിൽ മെയ് 8 നും പാലാരിവട്ടം ചർച്ച് ഓഫ് ഗോഡ് സെന്ററിൽ മെയ് 17 നും കോഴിക്കോട് ട്രിനിറ്റി എ.ജി സഭയിൽ മെയ് 23 നും നടത്തപ്പെടും. സമ്മേളനത്തിൽ മേഖലാ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതായിരിക്കും. പ്രസിഡന്റ് ലിജോ കെ.ജോസഫ്, സെക്രട്ടറി ബ്ലെസി മലയിൽ, ട്രഷറാർ ജിനു വർഗീസ് എന്നിവർ നേതൃത്വം നൽകും.

# ആതുരസേവനത്തിന് ആംബുലൻസ്



ഐപിസി വൈക്കം സെന്റർ വജ്ര ജൂബിലി സമാപന സമ്മേളനത്തിൽ മുൻ ഗവൺമെന്റ് ചീഫ് വിപ്പും പൂഞ്ഞാർ എം.എൽ.എയുമായ പി.സി. ജോർജ് ആംബുലൻസ് നാടിന് സമർപ്പിച്ചു. ആദ്യഘട്ടത്തിൽ രണ്ട് സംരംഭങ്ങളാണ് ലക്ഷ്യമിടുന്നത്. നിർധനർക്കും അശരണർക്കും സഹായകമാകുന്ന ആംബുലൻസ് സർവീസ്. ലാഭേച്ഛയില്ലാതെസമൂഹത്തിനൊന്നാകെ പ്രയോജനപ്രദമാക്കുന്ന തരത്തിലാണ് പദ്ധതികൾ ചെയ്തിരിക്കുന്നത്. വിശ്വാസികളെന്നോ അവിശ്വാസികളെന്നോയുള്ള വേർതിരിവില്ലാതെയാണ് പ്രവർത്തനങ്ങൾ. പ്രകൃതിദുരന്തങ്ങൾ നേരിടുമ്പോഴും, മറ്റ് ആവശ്യങ്ങൾക്കും ലാഭേച്ഛകൂടാതെ പ്രവർത്തന നിരതമായി വൈക്കം സെന്റർ ആംബലൻസുണ്ടാകും.

## ഐ.പി.സി. കാസർഗോഡ് സെന്റർ കൺവൻഷൻ

കാസർഗോഡ്: ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭ എട്ടാമത് കൺവെൻഷൻ 2017 ഏപ്രിൽ 6–9 തീയതികളിൽ ചീമേനി ടൗണിൽ വെച്ച് നടത്തപ്പെടും. ഉദ്ഘാടനം പാസ്റ്റർ സന്തോഷ് മാത്യു (കാസർഗോഡ് സെന്റർ മിനിസ്റ്റർ) പ്രസംഗകർ പാസ്റ്റർ രാജു പൂവക്കാല (ഐ.പി.സി. കേരളാ സ്റ്റേറ്റ് വൈസ് പ്രസിഡന്റ്), പാസ്റ്റർ കെ. ഒ. തോമസ്, പാസ്റ്റർ അലക്സ് വെട്ടിക്കൽ (യു.എസ്.എ), സിസ്റ്റർ ശ്രീലേഖ (മാവേലിക്കര). എട്ടാം തീയതി ശനിയാഴ്ച വൈകുന്നേരം 4.30 മുതൽ സുവിശേഷ റാലി നടത്തപ്പെടുന്നതാണ്.


## ആരോഗ്യവും യുവത്വവും തിരിച്ചു പിടിക്കൂ

ജീവിതത്തിൽ എന്നേക്കുമായി നഷ്ടപ്പെട്ടെന്ന് കരുതിയ യുവത്വത്തിന്റെ പ്രസരിപ്പ് തിരികെ വരുന്നു.

1. കൊളസ്ട്രോൾ, ബ്ലഡ് ഷുഗർ നോർമൽ ആകുന്നു.
2. ശരീര ക്ഷീണവും (ഉണർവില്ലായ്മ) കൈകാൽ മരവിപ്പ് വിട്ടു മാറുന്നു.
3. അതിപുരാതന മർമ ചികിത്സയിലൂടെ നാഡീവ്യൂഹത്തെ ഉണർത്തുന്നു.
4. ചർമത്തിന്റെ മൃദുതലത തിരിച്ചുവരുന്നതൊടൊപ്പം ചർമ കാന്തി വർദ്ധിക്കുകയും ചെയ്യുന്നു.
5. അഞ്ച് ദിവസത്തെ ചികിത്സ

a. അതിപുരാതന മർമ ചികിത്സ

b. പ്രത്യേകം തയ്യാറാക്കിയ ഭക്ഷണത്തോടൊപ്പം ഉള്ള പ്രകൃതി ജീവനം (Special Diet according to the PULSE / NADI Reading)

അഞ്ച് ദിവസത്തിന് ശേഷം മൂന്നു മാസത്തേക്കുള്ള Food Supplement Kit ചികിത്സയുടെ ഭാഗമായി നൽകുന്നു.

**Contact : +91 9845493632**


## ഫസ്റ്റ് റാങ്ക് സുബി മാത്യുവിന്



കോട്ടയം: എംജി യൂണിവേഴ്സിറ്റി എംഎസ്സി ഫിസിക്സ് പരീക്ഷയിൽ കുമാരി സുബി മാത്യു ഒന്നാം റാങ്ക് നേടി. ഡബ്ല്യു എം. ഇ. എഴുമറ്റൂർ സെന്ററിൽ അറഞ്ഞിക്കൽ ലോക്കൽ സഭാംഗവും കുരങ്ങുംപൊയ്കയിൽ മാത്യു തങ്കമ്മ ദമ്പതികളുടെ രണ്ടാമത്തെ മകളുമാണ്. യൂണിവേഴ്സ്റ്റി തലത്തിൽ പോസ്റ്റ് ഗ്രാജുവേഷന് ഒന്നാം റാങ്ക് നേടിയ സുബി മാത്യുവിന് ദർശനത്തിന്റെ അനുമോദനങ്ങൾ.

# ബൈബിൾ ക്വിസ് – ഏപ്രിൽ 2017

**ക്വിസ് മാസ്റ്റർ: പാസ്റ്റർ പി.ഡി. ജോസഫ്, ഐ.പി.സി. ഹെബ്രോൻ ടൗൺ ചർച്ച്, പന്തളം**

**സമ്മാനം സ്പോൺസർ ചെയ്തിരിക്കുന്നത്: ഒന്നാം സമ്മാനം • ബ്ലെസ്സി ജോസഫ്, രണ്ടാം സമ്മാനം • പാസ്റ്റർ സി. ജോൺ, ന്യൂഡൽഹി**

**സെഫന്യാവ്, ഹഗ്ഗായി**

1. വിശുദ്ധീകരിക്കുന്നു എന്ന് പറഞ്ഞിരിക്കുന്നത് ആരെക്കുറിച്ച്?
2. യോശുവായുടെ പിതാവിന്റെ പേരെന്ത്?
3. നിർജനമാകും എന്ന് പ്രവാചകൻ പറഞ്ഞ സ്ഥലം ഏത്?
4. സകല പ്രയത്നത്തിന്മേലും വിളിച്ചു വരുത്തിയിരിക്കുന്നത് എന്ത്?
5. വിശ്വാസപാതകന്മാർ എന്ന് പറഞ്ഞിരിക്കുന്നത് ആരെക്കുറിച്ച്?
6. മുദ്രമോതിരം ആകുമെന്ന് ദൈവം പറഞ്ഞത് ആരെ?
7. കുന്നുകളിൽ നിന്നുണ്ടാകുന്ന നാദം എങ്ങനെയുള്ളതാണ്?
8. ശൂന്യതയുള്ള ഇടം ഏത്?
9. ആർപ്പിടാൻ ആഹ്വാനം ചെയ്തിരിക്കുന്നത് ആരോട്?
10. മഹത്വപൂർണ്ണമാക്കും എന്ന് പറഞ്ഞിരിക്കുന്നത് എന്തിനെ?

**2017 ഫെബ്രുവരി മാസത്തിലെ ശരി ഉത്തരങ്ങൾ**

1. കഷ്ടത (നഹൂം 1:9), 2. സുവാർത്താ ദൂതൻ (നഹൂം 1:15), 3. രാജമന്ദിരം (നഹൂം 2:6) 4. കുതിരകൾ (നഹൂം 3:2), 5. വർത്തകന്മാരെ (നഹൂം 3:16), 6. ന്യായപ്രമാണം (ഹബക്കൂക്ക് 1:4) 7. ദുഷ്ടൻ (ഹബക്കൂക്ക് 1:13), 8. തന്റെ വിശുദ്ധ മന്ദിരത്തിൽ (ഹബക്കൂക്ക് 2:20), 9. വിഭ്രമരാഗം (ഹബക്കൂക്ക് 3:1), 10. അധരം (ഹബക്കൂക്ക് 3:16).

**നറുക്കെടുപ്പിലൂടെ സമ്മാനം ലഭിച്ചവർ:**

*ഒന്നാം സമ്മാനം*: Juliet M. Jose, Rock View, Moolamattom P.O, Idukki. Kerala.

*രണ്ടാം സമ്മാനം:* Babykutty Daniel, Mattathukalayil House, Pandanadu South, Alappuzha.

**ശരി ഉത്തരം അയച്ചവർ**: 1). Leelamma Saji, PMG Church, Nariyapuram, . 2). Shyja Binu, IPC Carmel Hall, Kasargod. 3). Bincy Roy, A.G. Mulluvila. 4). Dolly James, Kizhakketharayil, Piravom. 5). Reeja Roy, AG Church Mulluvila. 6). M.G. Thomas, Mundackal Illathu, Nariyapuram, Pathanamthitta. 7). Siji Sojan, AG Church Thiruvalla. 8). Roshina Roy, Puthethukuzhiyil House, Keerukuzhy P.O, Thumpamon. 9). Gladson Yesudas, IPC Ebenezer Church, Harippad. 10). Reena S, Thoppil Veedu, Thiruvananthapuram. 11). Josna Mol Johnson, Kottakkuzhiyil House Idukki, 12). Stephin T. Koshy, Kaithaveettil Thekkethil, Omallur, 13). Riju Peter Kodumthara Malayil mundamala P.O, Pathanamthitta.14) Joshi jacob, Aluvilayil house, Namburipotty P.O. Malappuram. 15). Sici Joseph, AG Church, Vadattupara, Kothamangalam. 16). Dovin Reso Sanal, Thannimoodu, Nedumamgadu.

**നിബന്ധനകൾ**

1. എല്ലാ മാസവും 25–ാം തീയതിയ്ക്കു മുമ്പ് ശരിയുത്തരം ലാൻഡ്‌വേ വിലാസത്തിലോ, ഈ മെയിലിലോ, എസ്.എം.എസിലോ (9447440441) കിട്ടിയിരിക്കണം. 2. വിജയിയെ നുറുക്കെടുപ്പിലൂടെ കണ്ടുപിടിക്കും. 3. വിജയികളുടെ പേരും, സമ്മാനാർഹരുടെ പൂർണ്ണ വിലാസവും ഓരോ ലക്കത്തിലും അറിയിക്കുന്നതാണ്. 4. ഏതു പ്രായക്കാർക്കും ക്വിസിൽ പങ്കെടുക്കാം. 5. മൽസരത്തെ സംബന്ധിച്ച അന്തിമതീരുമാനങ്ങൾ ക്വിസ് മാസ്റ്ററിൽ നിക്ഷിപ്തമായിരിക്കും. 6. ഉത്തരം അയയ്ക്കുന്നവർ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പറും ലാൻഡ്‌വേ അഡ്രസിൽ അയച്ചിരിക്കണം. ഫോൺ നമ്പർ ഇല്ലാത്ത ഉത്തരപേപ്പറുകൾ സ്വീകരിക്കുന്നതല്ല. 7. റഫറൻസുൾപ്പെടെ ഉത്തരം മാത്രം എഴുതുക. 8. വിജയിയുടെ ഫോട്ടോ അയച്ചു തന്നാൽ പേരും വിലാസവും ഫോട്ടോയും പ്രസിദ്ധീകരിക്കുന്നതായിരിക്കും. 9. ഒന്നും രണ്ടും സ്ഥാനക്കാർക്ക് സമ്മാനം നല്കുന്നതാണ്. ഏതു സമയത്തും ഈ പാരിതോഷികത്തിനു മാറ്റം വരാവുന്നതുമാണ്.



ജെയിംസ് കോശി ജോർജ്ജ്

ലോത്തിന്റെ ഭാര്യയെപ്പോലെ സൊദോം വിട്ടെങ്കിലും സൊദോമിനെ ഹൃദയത്തിൽ വിടാതെ തിരിഞ്ഞുനോക്കിയതുകൊണ്ട് നശിച്ചുപോയതുപോലെ നാം ലോകത്തെയും ലോകത്തിലുള്ളതിനെയും ഹൃദയത്തിൽ നിന്നും വിടാതെ ക്രിസ്തീയയാത്ര പൂർണ്ണമാകുന്നില്ല.

# വിലപ്പെട്ടത് വിലക്കപ്പെടുമ്പോൾ!

ഒരിക്കൽ ഒരു നിരീശ്വരവാദിയും ഒരു ദൈവഭക്തനും കൂടി യാത്ര ചെയ്യുകയായിരുന്നു. അവർ നടന്നുപോകുമ്പോൾ ഒരു മത്തങ്ങ നിരീശ്വരന്റെ ശ്രദ്ധയിൽപ്പെട്ടു. ഉടൻ അയാൾ പറഞ്ഞു; അയ്യോ! ദൈവത്തിനു തെറ്റു പറ്റി. ചെറിയ വള്ളിയിൽ വലിയ കായ് സൃഷ്ടിച്ചിരിക്കുന്നത് കണ്ടോ? ദൈവഭക്തൻ മൗനംപാലിച്ചു. അൽപ്പസമയത്തിനു ശേഷം അവർ നടന്നു ഒരു ആലിന്റെ ചുവട്ടിൽ എത്തി. മുകളിലേക്കു നോക്കിയ നിരീശ്വരൻ പറഞ്ഞു; ദൈവത്തിനു വീണ്ടും തെറ്റു പറ്റിയിരിക്കുന്നു. ഇത്രയും വലിയ വൃക്ഷത്തിൽ ചെറിയ കായ് സൃഷ്ടിച്ചിരിക്കുന്നത് കണ്ടോ? ദൈവഭക്തൻ മറുപടി ഒന്നും പറഞ്ഞില്ല. അസഹ്യനീയമായ ചൂട് കാരണം അവർ ഇരുവരും ആലിന്റെ തണലിൽ വിശ്രമിക്കാൻ ഇരുന്നു. യാത്രാക്ഷീണം കാരണം അവർ ഉറക്കത്തിലേക്ക് വഴുതി വീണു. അപ്പോൾ ഒരു ആലിന്റെ കായ് നിരീശ്വരന്റെ തലയിൽ വീണു. ഞെട്ടി ഉണർന്ന് അയാൾ ഉറക്കെ വിളിച്ചു പറഞ്ഞു; ദൈവം തെറ്റായി സൃഷ്ടിച്ചിട്ടില്ലേ! ഈ ആലിൽ വലിയ കായ് ആയിരുന്നെങ്കിലെത്തെ സ്ഥിതിയെന്തായിരുന്നേനെയെന്ന് ചിന്തിക്കാൻ പറ്റുന്നില്ല. പിന്നീട് അയാൾ ദൈവത്തെ കുറ്റം പറഞ്ഞിട്ടില്ല. നമ്മെ സൃഷ്ടിച്ചവനായ ദൈവം നമ്മുക്ക് വേണ്ടി എല്ലാം നന്നായി ചെയ്യുന്നവനാണ് നമ്മുടെ ബുദ്ധിയിൽ ചിലത് ഉൾക്കൊള്ളാനും അംഗീകരിക്കാനും കഴിഞ്ഞില്ലെങ്കിലും സർവ്വജ്ഞാനിയായ ദൈവത്തിനു തെറ്റുപറ്റിയിട്ടില്ല. ചിലസമയങ്ങളിൽ നമ്മുടെ ആഗ്രഹങ്ങൾക്കും ഇഷ്ടത്തിനും വിപരീതമായി ചിലത് ജീവിതത്തിൽ സംഭവിക്കുമ്പോൾ നാം ദൈവത്തെ സംശയിക്കുന്നു. നാം ദൈവത്തോട് ചോദ്യങ്ങൾ ചോദിക്കുവാൻ തുടങ്ങുന്നു.

ദൈവത്തെ ഉപദേശിക്കുന്ന മിടുക്കൻമാരെയും ഈ അവസരങ്ങളിൽ കാണുവാൻ കഴിയും. മുകളിൽ പറഞ്ഞിരിക്കുന്ന ദൃഷ്ടാന്തത്തിലെ നിരീശ്വരവാദിയെപ്പോലെ ദൈവത്തിനു തെറ്റു പറ്റിയിരിക്കുന്നുവെന്ന് ശഠിക്കുന്ന മൂഢൻമാരെയും കാണുവാൻ കഴിയും നമ്മുടെ ജീവിതത്തിൽ വിലപ്പെട്ടത് എന്ന് തോന്നുന്നതിനെ ദൈവം വിലക്കി നിർത്തുമ്പോൾ നമ്മുടെ മനോഭാവം എന്തായിരിക്കണം നമ്മുടെ കണ്ണിന് ഇമ്പമായിതിനെയും ഹൃദയത്തിന് ഇഷ്ടപ്പെട്ടതിനെയും നോക്കരുത്, തൊടരുത്, തിന്നരുത് എന്ന് ദൈവം കൽപ്പിക്കുമ്പോൾ നാം എങ്ങനെയാണ് പ്രതികരിക്കുന്നത്. തരുവചനത്തിൽ നിന്ന് ചില ചിന്തകൾ ഇവിടെ എഴുതുവാൻ ഞാൻ താൽപര്യപ്പെടുന്നു.

**1) തോട്ടത്തിന്റെ നടുവിൽ നിൽക്കുന്ന വൃക്ഷത്തിന്റെ ഫലം തിന്നരുത്.**

മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് വാഴുവാൻ ആയിരുന്നു. ഏദൻ തോട്ടത്തിൽ രാജാവായി വാഴുവാൻ മനുഷ്യന് ദൈവം അധികാരം കൊടുത്തിരുന്നു. സമുദ്രത്തിലുള്ള മത്സ്യത്തിൻമേലും ആകാശത്തിലുള്ള പറവജാതിയിൻമേലും മൃഗങ്ങളിൽമേലും ഭൂമിയിൽ ഇഴയുന്ന എല്ലാം ഇഴജാതിയിൻമേലും വാഴുവാൻ അവൻ സൃഷ്ടിക്കപ്പെട്ടു. പക്ഷേ ആ മനുഷ്യന്റെ രാജ്യത്വം ദൈവത്തിന്റെ ഭരണത്തിൻ കീഴിൽ പരിമിതിയുള്ളതായിരുന്നു.

സകലത്തിൽമേലും വാഴുവാൻ കൽപ്പിച്ചെങ്കിലും തോട്ടത്തിന്റെ നടുവിൽ നിൽക്കുന്ന വൃക്ഷത്തിന്റെ ഫലം തിന്നരുതെന്ന് പറഞ്ഞ് വിലക്കിയിരുന്നു. തിന്നുന്ന നാളിൽ നീ മരിക്കും. കാൺമാൻ ഭംഗിയുള്ളതും തിന്നുവാൻ രുചിയുള്ളതുമായ മറ്റു വൃക്ഷങ്ങളേക്കാൾ വിലയുള്ളതും വിശേഷതയുള്ളതുമായിരുന്നു തോട്ടത്തിന്റെ നടുവിൽ ഉള്ള വൃക്ഷം. ആ വൃക്ഷത്തിന്റെ ഫലമാണ് അവരോട് തിന്നരുതെന്ന് പറഞ്ഞു വിലക്കിയത്. നാം എല്ലാവരും എപ്പോഴും പറയാൻ ഇഷ്ടപ്പെടുന്ന ഒരു കാര്യം ദൈവം നമ്മുക്ക് ഏറ്റവും നല്ലത് തരുന്നവൻ എന്നാണ്. എന്നാൽ ചിലപ്പോൾ നമ്മുക്ക് നല്ലതെന്നു തോന്നുന്നതിനെ വിലക്കുന്ന ഒരു ദൈവത്തെയും നാം അറിയണം. ആ വിലക്കിന്റെ പിമ്പിൽ മറഞ്ഞിരിക്കുന്ന അവന്റെ പദ്ധതികളെ മനസ്സിലാക്കുവാനും നാം കാത്തിരിക്കേണ്ടതുണ്ട്.

തിന്നുവാൻ രുചിയേറിയതും കണ്ണുകൾക്കും, എല്ലുകൾക്കും, പല്ലുകൾക്കും, ത്വക്കിനൊക്കെ ആരോഗ്യവും ഓജസ്സും നൽകുന്ന ഫലങ്ങൾ നാം ഭക്ഷിക്കുന്നവരാണ്. ദൈവം തോട്ടത്തിൽ വിലക്കിയ ഫലം ഈ ഫലങ്ങളേക്കാൾ ഒക്കെ മഹത്വമുള്ളതായിരുന്നു. അത് ദൈവം സൃഷ്ടിച്ച ഫലങ്ങളുടെയെല്ലാം രാജാവായിരുന്നുവെന്ന് വിളിക്കുന്നതുകൊണ്ടും തെറ്റില്ല. കാരണം കാണുവാൻ ഭംഗിയും തിന്നുവാൻ രുചിയും ഉള്ളത് മാത്രമായിരുന്നില്ല ആ ഫലം ജ്ഞാനം പ്രാപിപ്പാൻ കാമ്യവും നന്മ തിന്മകളെ കുറിച്ച് അറിയുവാൻ കഴിവ് നൽകുന്നതുമായ ഒരു ഫലവൃക്ഷമായിരുന്നു അത്. ദൈവം ഏറ്റവും നല്ലതിനെ തോട്ടത്തിൽ അവർക്ക് പരിമിതിപ്പെടുത്തി.

ആദമും ഹവ്വയും വലിയ തെറ്റിലേക്ക് വഴുതി വീഴുവാൻ ഇടയായി അതിന്റെ കാരണം ദൈവം വിലക്കിയിരുന്ന വൃക്ഷത്തെ പറ്റി അവർ സംസാരിക്കുവാനും, ചിന്തിക്കുവാനും, മോഹിക്കുവാനും തുടങ്ങി. നമ്മുക്ക് വിലപ്പെട്ടതിനെയും ഇഷ്ടപ്പെട്ടതിനെയും പറ്റി ചിന്തിക്കുകയും സംസാരിക്കുകയും ചെയ്യുന്നതുകൊണ്ട് നാം പാപത്തിൽ വീഴുന്നില്ല. പക്ഷേ നാം അതിനെ മോഹിക്കുമ്പോളാണ് പാപത്തെ പ്രസവിക്കുന്നത്. ഏദനിൽ അതാണ് സംഭവിച്ചത്. അവർ മോഹിച്ചതിന്റെ മേൽ പിശാചും കൂടെ ഇടപെട്ടപ്പോൾ പിന്നെ കാര്യം കൈവിട്ടുപോയി എന്ന് നമ്മുക്ക് കാണുവാൻ കഴിയും. വിലപ്പെട്ട വൃക്ഷഫലത്തിൻമേൽ വിലക്കേർപ്പടുത്തിയ വലിയവനായ ദൈവത്തിന്റെ കൽപ്പനയെ ലംഘിച്ച് വിലക്കപ്പെട്ട ഫലം ആസ്വദിച്ചത് മനുഷ്യകുലത്തിന് വലിയ ഒരു വിനയായി വന്നു. ഇവിടെ ഫലമാണോ വലിയത് അതോ വൃക്ഷത്തയും അതിൻമേലുള്ള ഫലത്തയും സൃഷ്ടിച്ച സൃഷ്ടിതാവാണോ വലിയത് എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. സൃഷ്ടിയുടെ ഭംഗി കണ്ട് സൃഷ്ടിതാവിനെ മറക്കുന്നവരാണോ നാം? സകലത്തെയും സൃഷ്ടിച്ചവനായ ദൈവം മഹത്വം ആഗ്രഹിക്കുന്നു.

ഈ ഭൂമയിൽ കാണുന്ന സുന്ദരവും രുചികരവും ആനന്ദമേകുന്നതുമായ കാര്യങ്ങളേക്കാൾ നാം ദൈവത്തെ സ്നേഹിക്കണമെന്നും ദൈവത്തെപ്പറ്റി കൂടുതൽ അറിയണമെന്നും ദൈവം ആഗ്രഹിക്കുന്നു. ദൈവം നമ്മെ അതിയായി സ്നേഹിക്കുന്നവനായതുകൊണ്ടാണ് നമ്മുക്ക് മുന്നിൽ പലതും വിലക്കെപ്പെടുന്നത് എന്നുള്ളതാണ് സത്യം.

**2) ജീവരക്ഷയ്ക്കായി ഓടിപ്പോക: പുറകോട്ടു നോക്കരുത്**

സൊദോമിൽ ഉള്ള ജനത്തിന്റെ പാപം അതികഠിനമായിരുന്നു. അധമൻമാരും സ്വവർഗ്ഗഭോഗികളും, അപരിചിതരായവർക്കുപോലും അപമാനം വരുത്തുന്നവരും, കരുണയില്ലാത്തവരുമായിരുന്നുവെന്ന് ബൈബിളിൽ പറയുന്നു. അപ്പൻ, അമ്മ, സഹോദരൻ, സഹോദരി എന്നീ വേർതിരിവുകൾ ഇല്ലാതെയുള്ള ലൈഗിംക അരാജകത്വം അവിടുത്തെ അധാർമ്മികജീവിതത്തിന്റെ ആഴം വിളിച്ചു പറയുന്നു. അതിന്റെ തെളിവ് ആണല്ലോ ലോത്തിന്റെ പെൺമക്കൾ ഒരു അറപ്പും കൂടാതെ അപ്പനെ വീഞ്ഞ് കുടിപ്പിച്ച് സന്തതിയെ ജനിപ്പിച്ചത്.

എന്നാൽ അബ്രഹാമിനെ ഓർത്ത് ലോത്തിനെയും കുടുംബത്തെയും രക്ഷിക്കാനായി ദൈവം പദ്ധതിയിട്ടു. ഇറങ്ങി ഓടുവാനും പുറകോട്ട് നോക്കരുത് എന്ന് ദൈവകൽപ്പനുടെ മുന്നിൽ അവർ യാത്ര ആരംഭിച്ചു. അങ്ങനെ അവർ മുന്നോട്ട് ഓടുമ്പോൾ ലോത്ത് ഓർപ്പിച്ചുകാണും ആരും തിരിഞ്ഞ് നോക്കരുത് പുറകോട്ട് നോക്കുവാൻ ദൈവം വിലക്കിയിട്ടുണ്ട്. പത്രോസ് അപ്പോസ്തോലൻ പറയുന്നു അധർമ്മികളുടെ ഇടയിൽ വസിച്ചിരിക്കുമ്പോൾ നാൾതോറും അധർമ്മ പ്രവർത്തികണ്ടും കേട്ടും തന്റെ നീതിയുള്ള മനസ്സിൽ നൊന്ത് അവരുടെ ദുഷ്കാമപ്രവർത്തിയാൽ വലഞ്ഞുപോയ നീതിമാനായിരുന്നു ലോത്ത് എന്നാണ്. ലോത്തിന്റെ ഉള്ളിൽ ഒരു നീതി ബോധം ഉണ്ടായിരുന്നുവെന്നതാണ് സത്യം. തന്റെ അത്യാഗ്രഹത്തോടെയുള്ള പിൽക്കാലത്തെ തെരഞ്ഞെടുപ്പിനെ ഓർത്ത് താൻ പലപ്പോഴും ദു:ഖിച്ചിട്ടുണ്ടായിരുന്നിരിക്കണം.

എന്നാൽ രക്ഷപ്പെടുവാൻ കിട്ടിയ സുവർണ്ണ അവസരം താൻ പാഴാക്കിയില്ല. തിരിഞ്ഞ് നോക്കാതെ ലോത്ത് മുന്നോട്ടോടി. പക്ഷേ ലോത്തിന്റെ ഭാര്യക്ക് ഏറ്റവും പ്രിയം സൊദോമായിരുന്നു. അവൾക്ക് ഏറ്റവും വിലപ്പെട്ടത് സൊദോമായിരുന്നു അവൾ അതിനെപ്പറ്റി ചിന്തിച്ചു, മോഹിച്ചു,

തിരിഞ്ഞുനോക്കി ഉപ്പുതൂണായി മാറി. ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത് എന്ന് ദൈവത്തിന്റെ വചനം പറയുന്നതിൽ എത്ര ആഴമായ അർത്ഥം ഉണ്ടെന്ന് നാം മനസ്സിലാക്കണം. ലോത്തിന്റെ ഭാര്യയെപോലെ ദൈവകൽപ്പന കേട്ട് ഇറങ്ങി തിരിച്ചിട്ട് അനുസരണക്കേട് കാട്ടി മുമ്പോട്ട് പോവാനോ പിറകോട്ട് പോവാനോ കഴിയാതെ ഉപ്പുതൂണായി നിൽക്കുന്ന ധാരാളം പേർ നമ്മുടെ ആത്മീയഗോളത്തിൽ ഉണ്ടെന്നുള്ളത് ദാരുണമായ ഒരു സത്യമാണ്. ശീതവാനുമല്ല ഉഷ്ണവാനുമല്ല എങ്കിൽ നിന്നെ എന്റെ വായിൽ നിന്നും ഉമിണ്ണുകളെയും എന്ന വചനം അവർക്കുള്ള അപകട സൂചനയാണ്!

ഒരു ചിന്തകൻ ഇപ്രകാരം പറഞ്ഞു. സകല ദുരുപദേശങ്ങളിലും വെച്ച് അതിദോഷകരമായ ദുരുപദേശം ലൗകികാത്മാവാണ്. ആഡംബര വസ്തുക്കളെയും സുഖസൗകര്യങ്ങളെയും നാം ആലിംഗനം ചെയ്ത് ദൈവത്തെ മറക്കുന്നു. അതിൽ നിന്ന് ഒരു വേളപോലും വിട്ടുനിൽക്കുവാൻ നാം തയ്യാറാകുന്നില്ല. ദൈവത്തെ നേടുന്നതിനായി നാം വർജ്ജിക്കേണ്ടുന്ന പലതിനെയും നാം ആലിംഗനം ചെയ്യുന്നു. ലോകത്തിൽ നിന്നും വ്യത്യസ്തരായിരിക്കുന്നതിനു പകരം മറ്റുള്ളവരുടെ മാന്യത ലഭിക്കേണ്ടതിന് നാം ലോകത്തോട് അനുരൂപരായി തീരുന്നു. മോഹം നമ്മെ മാടി വിളിക്കുമ്പോൾ നാം പുറകോട്ട് നോക്കുന്നു. ദൈവം വിലക്കിയതിൻ മേൽ നാം ആകൃഷ്ടരാകുന്നു.

ദൈവത്തിന്റെ വാക്കുകൾക്ക് നാം വിലകൊടുക്കാതെ നമ്മുടെ ഇഷ്ടങ്ങൾക്ക് വിധേയപ്പെടുമ്പോൾ നാം നമ്മെ തന്നെ വധിക്കുന്നവരായിതീരുന്നുവെന്ന് മറക്കരുത്. ലോത്തിന്റെ ഭാര്യയെപ്പോലെ സൊദോം വിട്ടെങ്കിലും സൊദോമിനെ ഹൃദയത്തിൽ വിടാതെ തിരിഞ്ഞുനോക്കിയതുകൊണ്ട് നശിച്ചുപോയതുപോലെ നാം ലോകത്തെയും ലോകത്തിലുള്ളതിനെയും ഹൃദയത്തിൽ നിന്നും വിടാതെ ക്രിസ്തീയയാത്ര പൂർണ്ണമാകുന്നില്ല. ദൈവം നമ്മുടെ ജീവിതത്തിൽ എന്തിനെയെങ്കിലും വിലക്കിയിട്ടുണ്ടെങ്കിൽ അത് നമ്മുടെ നന്മയ്ക്ക് വേണ്ടിയും ജീവരക്ഷയ്ക്ക് വേണ്ടിയും മാത്രമാണ് എന്ന് നാം അറിഞ്ഞിരിക്കണം. ദൈവം വിലക്കിയതിനെ വലിച്ചെറിയുന്നവരാണ് ദൈവത്തിന് വിലയുള്ളവരായി മാറുന്നത്. •••

LANDWAY HEALTH TIPS

# തലമുടി നരക്ക് പരിഹാരം

പലരുടെയും തലമുടി വളരെ ചെറുപ്പത്തിൽ തന്നെ നരക്കുന്നത് ആത്മസംതൃപ്തി നഷ്ടപ്പെടാൻ സാധ്യതയുണ്ട്. കൊച്ചുകുഞ്ഞുങ്ങളിൽ വരെ തലനര കണ്ടുവരുന്നു. വ്യത്യസ്തമായ സാഹചര്യങ്ങളിൽ ജീവിക്കു ന്നതും വെള്ളം മാറിമാറി ഉപയോഗിക്കുന്നതും തലമുടി നരയ്ക്ക് പ്രധാനമായ കാരണം തന്നെയാണ്. ചെറുപ്പത്തിലെയുള്ള നര പലരിലും ടെൻഷൻ വരുത്തി വക്കാറുമുണ്ട്. ഈ ടെൻഷൻ പലവിധ രോഗങ്ങൾക്കും കാരണമാകാറുണ്ട്.

മുടി വെളുത്തു തുടങ്ങിയാൽ തന്നെ പലരുടെയും ആത്മവിശ്വാസം നഷ്ടപ്പെടും. അകാലനരയെന്ന വില്ലൻ പലപ്പോഴും നമ്മുടെ അശ്രദ്ധക്കൊണ്ട് തന്നെയാണ്. ജീവിത ശൈലിയും ഹെയർ ട്രീറ്റ്മെന്റുകളുമെല്ലാം അകാലനരക്ക് കാരണമാകുന്നു. എന്നാൽ അകാലനരയെ ചെറുത്ത് നിറുത്താനും മുടിയുടെ നിറം നിലനിറുത്താനും ചില വിദ്യകൾ നിലവിലുണ്ട്.

***വറുത്തതും പൊരിച്ചതും ഒഴിവാക്കുക:*** മസാല അധികം ചേർത്തതും വറുത്തതും പൊരിച്ചതും കഴിവതും ഒഴിവാക്കുക. ഇത് അകാല നരയിലേക്ക് മനുഷ്യരെ തള്ളി നീക്കുന്നതായി പഠനങ്ങൾ വെളിപ്പെടുത്തുന്നു.

***കാരറ്റ്, ചീര:*** കാരറ്റും ചീരയും ധാരാളം കഴിക്കുക. ഇത് നമ്മുടെ ഭക്ഷണ കാര്യങ്ങളിൽ മുൻപന്തിയിൽ കൊണ്ടെത്തിക്കണം. പലരും ചീരയോട് വലിയ അലർജി കാണിക്കാറുണ്ട്. ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തലത്തിലുള്ള ധാരാളം നല്ലഇനം ചീരകൾ നമ്മുടെ നാട്ടിൽ കാണാറുണ്ട്. ഇഷ്ടപ്പെട്ടത് തെരഞ്ഞെടുക്കുകയും സംതൃപ്തിയോടെ കഴിക്കുകയും ചെയ്യുക. പലവിധത്തിലുള്ള വിറ്റാമിനുകൾ ചീരക്കകത്ത് അടങ്ങിയിട്ടുമുണ്ട്.

**മുടി മനുഷ്യന്റെ മുഖമുദ്രതന്നെയാണ്. തലമുടിയിൽ കാണുന്ന അഴക് അവന്റെ വ്യക്തിത്വത്തെ വിളിച്ചുപറയും.**

***മുട്ടയും ചിക്കനും:*** മുട്ടയും ചിക്കനും ധാരാളം കഴിക്കുന്നത് നല്ലതാണ്. മുട്ടയിലും ചിക്കനിലും ധാരാളം പ്രോട്ടീനുകൾ അടങ്ങിയിട്ടുള്ളതിനാൽ അകാലനരയ്ക്ക് എതിരെ വളരെയേറെ പ്രയോജനം ചെയ്യുന്നതായി പഠന ങ്ങൾ തെളിയിക്കുന്നു.

***മദ്യപാനം നല്ലതല്ല:*** മദ്യപിക്കുന്നവർ പെട്ടെന്ന് വളരെയേറെ പ്രായം ചെന്നവരായും തല നരക്കുന്നവരായും കാണാൻ ഇടയാകുന്നു. ഇതിൽനിന്നും പൂർണ്ണമായി പിന്തിരിഞ്ഞാൽ അകാലനരയിൽ നിന്നും മോചനം ലഭിക്കാൻ സാധ്യതയുണ്ട്.

***ഉറക്കക്കുറവ്:*** ഉറക്കക്കുറവുള്ളവർ വളരെ ശ്രദ്ധിക്കുക. തലമുടി പെട്ടെന്ന് നരക്കുവാൻ സാധ്യതയേറെയാണ്. തല മുടി കൊഴിയുന്നതും തലക്കകത്ത് വേദന ഉളവാകുന്നതും തലക്കകത്തുള്ള ഞരമ്പുകൾക്ക് വേദന സംഭവിക്കുന്നതും സർവ്വ സാധാരണമാണ്. ഉറക്കക്കുറവുള്ളവരിൽ ദേഷ്യം പെട്ടെന്ന് വരികയും പരിസരം മറന്ന് ചിലർ സംസാരിക്കുകയും ചെയ്യാറുമുണ്ട്.

***നെല്ലിക്ക നരയെ ചെറുക്കും:*** നെല്ലിക്ക പച്ചക്ക് കഴിക്കുന്നത് അത്യുത്തമം. അത് ഉപയോഗിക്കുന്നത് നല്ലതാണ് പച്ച നെല്ലിക്ക ഗുണം തന്നെയാണ്. നെല്ലിക്കയിട്ട് എണ്ണ കാച്ചി തലയിൽ തേക്കുന്നതും അകാലനരയിൽ നിന്നും മനുഷ്യരെ സംരക്ഷിക്കുന്നു.

***ഓറഞ്ച്, നാരങ്ങാ, മൂസാമ്പി:*** മൂസാമ്പി, ഓറഞ്ച്, ചെറുനാരങ്ങാ ഇവയിലെല്ലാം വിറ്റാമിൻ സി യുടെ അളവു കൂടുതലാണ്. സ്ഥിരം ഭക്ഷണത്തിൽ ഇവ ഉപയോഗിച്ചാൽ നരയെ ഒരു പരിധി വരെ പരിഹരിക്കാൻ കഴിയും.

***വെളിച്ചെണ്ണ:*** വെളിച്ചെണ്ണ സ്ഥിരമായി തലയിൽ തേക്കുന്നത് ഉത്തമമാണ്. മുടിയിഴയിൽ വെളിച്ചെണ്ണ തേയ്ച്ച് മുടി നന്നായി തിരുമിക്കൊടുക്കുന്നത് വളരെ നല്ലതാണ്. മുടിയിഴയിൽ വെളിച്ചെണ്ണ ഇറങ്ങുമ്പോൾ തലക്ക് തണുപ്പും കണ്ണിന് കുളിർമ്മയും ലഭിക്കും. മുടി വളരാനും വെളിച്ചെണ്ണ നല്ലതാണ്.

മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ചിട്ടയോടും ശ്രദ്ധയോടും ചെയ്തു മുമ്പോട്ടു പോയാൽ വളരെ നല്ലനിലയിൽ മുടിയെ സംരക്ഷിക്കാനും അകാലനരയിൽ നിന്നും വിടുവിക്കാനും കഴിയും. പൂർവ്വികർ മിക്കവരും വെളിച്ചെണ്ണ ആയുർവേദപ്രകാരം പച്ചിലയിട്ട് കച്ചി തേച്ചതിനാൽ ആയുസു കൂട്ടുകയും മുടിയുടെ അഴക് വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മുടി മനുഷ്യന്റെ മുഖമുദ്രതന്നെയാണ്. തലമുടിയിൽ കാണുന്ന അഴക് അവന്റെ വ്യക്തിത്വത്തെ വിളിച്ചുപറയും. •••

LANDWAY
Bringing You Closer to God

# LANDWAY NEWS

PUBLISHED FROM PATHANAMTHITTA
VOLUME NO. 3, ISSUE NO.4 | PAGES 8 | PRICE: RS. 10/-

10 APRIL 2017

Olive Thottathil, Thumpamon P.O.,
Pandalam, Pathanamthitta Dist,
Kerala State, India - 689502;
Phone: +91-9447440441,
Email: landwaynews@gmail.com
WWW.LANDWAYNEWS.COM

RNI-KERBIL/2015/62054.
Postal Registration No.
KL/PTA/93/2015 - 2017.
WPP License Number:
KL/PTA/WPP/217/2015 - 2017.
Posted at RMS, Thiruvalla,
Posting Date: on 10/04/2017

# ആത്മവിശ്വാസം നല്ലതാണ്

**നമ്മുടെ ജീവിതം ക്രിസ്തുവിന്റെ കയ്യിലാണ്. അവൻ നമ്മെ നടത്തുകയും തന്റെ വാഗ്ദത്തം നിവർത്തിക്കുകയും ചെയ്യുന്നു. നമ്മിൽ ആരംഭിച്ച നല്ല പ്രവർത്തി അതിന്റെ വളർച്ചയ്ക്കായി ദൈവം നമ്മിൽ ഇപ്പോഴും പ്രവർത്തിക്കുന്നു. ആ ആത്മവിശ്വാസത്തോടെ മുമ്പോട്ടു പോകാം.**



**പാസ്റ്റർ പി. സോളമൻ വിളക്കുടി**

കഴിഞ്ഞ ദിവസം രാവിലെ എന്റെ ശുശ്രൂഷയെക്കുറിച്ചും ജീവിതത്തെക്കുറിച്ചും സ്വയം ചിന്തിക്കാൻ ഒരവസരം കിട്ടി. ജീവിതത്തിന്റെ പിന്നിട്ട നാഴികയെക്കുറിച്ചു ഞാൻ ദൈവത്തിനായി എങ്ങനെ പ്രയോജനപ്പെട്ടു എന്നും, ഇനി എന്താകും? ഇനി എങ്ങനെ മുന്നോട്ട്? ഇങ്ങനെ നിരവധി ചിന്തകൾ എന്നെ അലട്ടി. പെട്ടെന്ന് കയ്യിലിരുന്ന ഫോണിൽ ഒരു ഫെയ്സ്ബുക്ക് പോസ്റ്റ് കണ്ടു. അത് ആരാണ് പോസ്റ്റ് ഇട്ടിരിക്കുന്നത് എന്നു അറിയില്ല. പക്ഷേ ഹൃദയത്തെ ഒരു നിമിഷം പിടിച്ചു നിർത്തിയ വാക്യം. ആവർത്തിച്ചു കാണാൻ പരിശ്രമിക്കുമ്പോൾ അത് മാറിക്കഴിഞ്ഞു എങ്ങനെയോ ഡിലീറ്റ് ആയി. ഭാര്യയോടൊത്ത് അവളുടെ ട്രീറ്റ്മെന്റിന്റെ ഭാഗമായ റൊഡിക്കേഷൻ എടുക്കുന്നതിന് ഞങ്ങൾ ഹോസ്പിറ്റലിൽ ആയിരുന്നു. വീട്ടിൽ എത്തിയപ്പോൾ ആ വാക്യം തപ്പിയെടുത്തു (ഫിലി. 1:4) വാക്യം ആയിരുന്നു. അത് ഇംഗ്ലീഷിൽ 1: 6–ാം വാക്യവും. ഠവല ചലം അാലൃശരമി ടമേിറമൃറ ആശയഹല ൽ ആ വാക്യം ഇങ്ങനെയാണ്. ‘For I am confidant of this very thing that he who began a good work in you will perfect it until the day of Christ Jesus’ നിങ്ങളിൽ നല്ല പ്രവൃത്തി ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോളം അതിനെ തികയ്ക്കും എന്നു ഉറപ്പായി വിശ്വസിച്ചിരിക്കുന്നു.

കർത്താവു എന്നിൽ ഒരു നല്ല പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് എന്നു കണ്ടപ്പോൾ എന്റെ മനസ്സിലെ ഭാരം അകന്നുപോയി വചനം എന്നിൽ ക്രിയചെയ്തു എനിക്കാശ്വാസമായി. അപ്പൊസ്തോലനായ പൗലൂസ് ഫിലിപ്യാ സഭയോട് നൽകുന്ന ദൂതാണ്. അതിൽ അവരെക്കുറിച്ച് ആത്മവിശ്വാസത്തോടെ പറയുന്ന വാക്യമാണ് ഇത്.

ഫിലിപ്യാസഭയിൽ ചില സഹോദരങ്ങൾ തമ്മിലുണ്ടായ അഭിപ്രായ വ്യത്യാസങ്ങൾ സഭയിൽ വ്യാപിച്ചതിൽ പൗലൊസിനു മനോഭാരമുണ്ടായി. അത് തീർക്കുവാനാണ് താൻ ഈ ദൂത് കൈമാറുന്നത്. പൗലൊസ് കാരാഗൃഹത്തിലാണ് എന്നാൽ സഭയെ നിങ്ങൾ എപ്പോഴും സന്തോഷിക്കണമെന്ന് താൻ ആഗ്രഹിക്കുന്നു. ക്രൈസ്തവ ജീവിതത്തിന്റെ ശ്രേഷ്ഠതയാണ് ജീവിതത്തിൽ വരുന്ന പ്രതിസന്ധി മറന്നു കർത്താവിലുള്ള സന്തോഷം പ്രകടമാക്കുന്നത്. കാരണം അവിടുത്തെ പ്രവർത്തി നമ്മിൽ ആരംഭിച്ചു എന്നതാണ്.

നമ്മിൽ ആരംഭിച്ച നല്ല പ്രവൃത്തി എന്താണ് ഈ അഖിലാണ്ഡമണ്ഡലങ്ങളെ അണിയിച്ചൊരുക്കുന്നതിനും മുമ്പേ നമ്മെ കണ്ടു, തിരഞ്ഞെടുത്തു (എഫെ. 1: 5, 6). നാം രൂപപ്പെടുന്നതിനു മുമ്പ് നമ്മെ സ്നേഹിച്ചു (യിരെ. 31:3). നമുക്ക് രക്ഷകനായി മാറി (വെളി 13:8). നമ്മുടെ രക്ഷയ്ക്കായി സകലതും പൂർത്തീകരിച്ചു (യെശ 53: 6, യോഹ. 19:30).

അവിടുന്ന് ഒരുക്കിയ രക്ഷയിലേക്കു നമ്മെ ആനയിച്ചു. വിശ്വാസത്താൽ നാം രക്ഷ കരസ്ഥമാക്കി. രക്ഷ എന്നത് നിത്യതയ്ക്കുള്ള നമ്മുടെ യാത്രയുടെ പ്രഥമ പദ്ധതിയത്രേ. അപ്പോസ്തോലൻ അതിനെക്കുറിച്ചു ആഴമായി പറയുന്നത് ഫിലിപ്യ ലേഖനത്തിലാണ്. ഗലാത്യർ 1:16 ദൈവപുത്രനെക്കുറിച്ചുള്ള സുവിശേഷം ജാതികളോടറിയിക്കേണ്ടതിന് അവനെ എന്നിൽ വെളിപ്പെടുത്തി. യഹൂദമത ആചാരങ്ങളും, ആരാധനാസംവിധാനങ്ങളും ഒതുങ്ങിപ്പോയി. എങ്കിലും ദൈവപുത്രനെക്കുറിച്ചുള്ള സുവിശേഷം അവർക്കായിരുന്നു ആദ്യം നൽകിയത്. അവർ അതിനെ മാനിക്കാതിരുന്നു. സകലമനുഷ്യർക്കും വേണ്ടി ജനിച്ച ക്രിസ്തു ലൂക്കൊ 2:10. മനുഷ്യർക്കും വേണ്ടിയാണ് പാപികളെ രക്ഷിപ്പാൻ ദൈവം മനുഷ്യാവതാരം ചെയ്തത്. അതിനാൽ ക്രിസ്തുവിനെ മതത്തിന്റെ നാൽഭിത്തിക്കകത്തു തളച്ചിടാൻ ആർക്കും കഴിയുകയില്ല. കർത്താവു സകലർക്കും വേണ്ടിയത്രേ. നമ്മിൽ പ്രവൃത്തി ആരംഭിച്ചിരിക്കുന്നു എന്ന തിരിച്ചറിവാണ് നമുക്ക് ജീവിക്കുവാൻ ഊർജ്ജം ലഭിക്കുന്നത്. നമ്മിൽ ആരംഭിച്ച ദൈവത്തിന്റെ പ്രവൃത്തി അവസാനിക്കുന്നത് കർത്താവിന്റെ വരവിലൂടെയാണ്. ഓരോ വിശുദ്ധനും നിത്യതയിലെത്താൻ ദൈവം ആഗ്രഹിക്കുന്നു. രക്ഷ ലഭിച്ചതുകൊണ്ട് ദൈവത്തിന്റെ പ്രവൃത്തി നമ്മിൽ തീർന്നില്ല. അനർഗളം തുടരുകയാണ്. യോനയെ നിനവെയിൽ പ്രസംഗിക്കുവാൻ അയച്ചു എന്നാൽ അവന്റെ മാനുഷികചിന്ത അവിടെ പോകുവാൻ അനുവദിച്ചില്ല ദൈവം അവനെ അവിടെ എത്തിച്ചു.

21 വർഷത്തെ ജീവിതാനുഭവം യാക്കോബിനെ രൂപാന്തരത്തിൽ എത്തിച്ചു. സ്വന്തഭവനത്തിലേക്കും സഹോദരന്റെ അടുക്കലും അവനെ ദൈവം എത്തിച്ചു. നമ്മുടെ ജീവിതം ക്രിസ്തുവിന്റെ കയ്യിലാണ്. അവൻ നമ്മെ നടത്തുകയും തന്റെ വാഗ്ദത്തം നിവർത്തിക്കുകയും ചെയ്യുന്നു. നമ്മിൽ ആരംഭിച്ച നല്ല പ്രവർത്തി അതിന്റെ വളർച്ചയ്ക്കായി ദൈവം നമ്മിൽ ഇപ്പോഴും പ്രവർത്തിക്കുന്നു. ആ ആത്മവിശ്വാസത്തോടെ മുമ്പോട്ടു പോകാം.

**ജോൺസൻ കണ്ണൂർ എഴുതിയ ഏറ്റവും പുതിയ പുസ്തകം**

**വീക്ഷണങ്ങളും വാസ്തവങ്ങളും**




**കോപ്പികൾക്ക് ബന്ധപ്പെടുക: 9847518230**

## കരുണയുടെ കരം നീട്ടുമോ?

ഐ.പി.സി നെടുങ്ങാടപ്പള്ളി (മല്ലപ്പള്ളി) പെനിയേൽ സഭയുടെ അംഗമായ ബെന്നി മാത്യു (ലാലു) 44 വയസ്സ്, രണ്ടു വൃക്കകളും പ്രവർത്തനം നിലച്ച് തിരുവല്ല ബിലീവേഴ്സ ചർച്ച് മെഡിക്കൽ കോളേജിൽ ചികിത്സയിലായിരിക്കുന്നു. ഡോക്ടർമാരുടെ നിർദ്ദേശമനുസരിച്ച് അടിയന്തിരമായി വൃക്ക മാറ്റിവെയ്ക്കണമെന്നും ഉടനടി മറ്റു ക്രമീകരണങ്ങൾ ചെയ്തില്ലായെങ്കിൽ ജീവനുതന്നെ ഭീഷണിയാകുമെന്നും പറയപ്പെടുന്നു. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന കുടുംബമായതിനാൽ ചികിത്സക്ക് കാശ് ഇല്ലാതെ ഭാരപ്പെടുന്നു. ആഴ്ചയിൽ മൂന്ന് തവണ ഡയാലിസ് ചെയ്യുകയും മറ്റു മരുന്നുകൾക്കും ചെലവിനായി ഭാരിച്ച സാമ്പത്തിക ബാധ്യത മുമ്പിൽ നിൽക്കുന്നു. ഭാര്യയും 2 പെൺകുട്ടികളും വേദനയോടെ ദൈവമുഖത്തേക്ക് നോക്കുന്നു. ദയവായി നമ്മളാൽ കഴിയുന്ന നിലയിൽ സാമ്പത്തികമായി കൈത്താങ്ങ് കൊടുക്കുകയും സൗഖ്യത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ! നെടുങ്ങാടപ്പള്ളി ഫെഡറൽ ബാങ്കിൽ അക്കൗണ്ട് തുറന്നിട്ടുണ്ട്.

**സഹായങ്ങൾ അയയ്ക്കേണ്ട വിലാസം:**
ബിൻസി ബെന്നി A/c No.12650100067329, Federal Bank,
Nedungadappally, Mallappally, Kerala
IFSC: FDRL0001265. Phone: + 91 9744044960.




## ലാൻഡ്വേ ന്യൂസിന്റെ പരസ്യനിരക്കുകൾ

| SIZE | MULTICOLOUR | BLACK & WHITE |
|---|---|---|
| Frontside Half | 12,000/- | NIL |
| Full Page (Back) | 12,000/- | NIL |
| Half Page (Back) | 8,000/- | NIL |
| Quarter Page (Middle) | 5,000/- | NIL |
| 10 Cm X 3 Column | 4,000/- | 2,000/- |
| 10 Cm X 2 Column | 3,000/- | 1,500/- |
| 5 Cm X 2 Column | 1,500/- | 750/- |
| Minimum 5 cm X 1 Column - Rs. 600/- (BW) | | |
| Matrimonial - Rs 600/- for 4 Issues Rs. 1800/- (BW) | | |

**വരിസംഖ്യ, സംഭാവന, പരസ്യത്തുക എന്നിവ അയയ്ക്കേണ്ട ലാൻഡ്വേ ന്യൂസിന്റെ ഔദ്യോഗിക വിലാസവും ബാങ്ക് അക്കൗണ്ടും താഴെ കൊടുക്കുന്നു.**

*Office Address*
LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pathanamthitta Dist,
Kerala State, India - 689502

*Bank Details*
LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55

## ഇന്ത്യയ്ക്ക് പുറത്തുനിന്നുള്ള ലാൻഡ്വേ ന്യൂസ് വായനക്കാരുടെ ശ്രദ്ധയ്ക്ക്

ഇന്ത്യയ്ക്ക് പുറത്തുള്ള ചില രാജ്യങ്ങളിൽ നിന്നും സംഘടനകളുടെ പേരിൽ സംഭാവന അയയ്ക്കാൻ അനുവദനീയമല്ല. അങ്ങനെയുള്ള രാജ്യങ്ങളിൽ നിന്നും വരിസംഖ്യകളും സംഭാവനകളും അയയ്ക്കുന്നവർ താഴെക്കാണുന്ന ബാങ്ക് വിലാസത്തിൽ അയയ്ക്കുക.

Santhosh Pandalam
A/C No: 14170100002307,
IFSC Code: FDRL0001417
MICR Code: 689049476

Federal Bank,
Pandalam Branch,
Pathanamthitta Dist.,
Kerala, India

Printed, Published and owned by Santhosh Pandalam and Printed at Mangalam Publications (I) PVT, LTD, Mangalam Complex, S.H. Mount P.O, Kottayam (Dist), Kerala (State), Pin – 686006, Olive Thottathil, Thumpamon P.O, Pathanamthitta (Dist), Kerala (State), India – Editor: Sherly Santhosh.